പേജ് 20 വില 7.00

# പ്രതിച്ഛായ

www.pratichaya.com

●വാല്യം 3 ●ലക്കം 1 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ● 23 സെപ്റ്റംബർ 2009

# സ്വത്തുവെളിപ്പെടുത്തേണ്ടത് ആരുടേത്? പാർട്ടിയുടേതോ നേതാക്കളുടേതോ

പി. ടി. ജോസ്



സി.പി.എം പോളിറ്റ് ബ്യൂറോ, പാർട്ടിയുടെ ബ്രാഞ്ച് തലം മുതലുള്ള നേതാക്കളുടെ സ്വത്തുവിവരം പ്രഖ്യാപിക്കണമെന്ന് നിർദേശം നല്കിയതായി വാർത്തകൾ വന്നുകഴിഞ്ഞു. എന്താണാവോ ഇങ്ങനെയൊരു തീരുമാനമെടുക്കാൻ പാർട്ടി പോളിറ്റ് ബ്യൂറോയെ പ്രേരിപ്പിച്ച ചോതോവികാരം? ഒരു തൊഴിലാളിവർഗ പാർട്ടിക്ക് ഇങ്ങനെ ഒരു തീരുമാനമെടുക്കേണ്ടി വന്നു എന്നത് വളരെ ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്.

110 പേരുണ്ടായിരുന്ന ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രകമ്മിറ്റിയിൽ നിന്നും 32 പേർ മാത്രം ഇറങ്ങിപ്പോന്ന് രൂപീകരിച്ച കമ്യൂണിസ്റ്റ് പാർട്ടി മാർക്സിസ്റ്റിന്റെ ഇന്നത്തെ പരിതാപകരമായ അവസ്ഥ വെളിവാക്കുന്നതാണ് സ്വത്ത് വെളിപ്പെടുത്തണമെന്ന പി.ബി പ്രഖ്യാപനം. തൊഴിലാളിവർഗ പാർട്ടിയിൽ പല മുതലാളിമാരും (പണവും സ്വകാര്യസ്വത്തുടമാവകാശവും ധാരാളം ഉള്ളവർ) ചേർന്നിട്ടുണ്ട്. കമ്യൂണിസ്റ്റ് നിർവചനമനുസരിച്ച് തന്നെ വിലയിരുത്തിയാൽ ഇ.എം.എസ് ഒരു മുതലാളിയായിരുന്നു. എന്നാൽ ഒരു പ്രോലിറ്റേറിയൻ വീക്ഷണമുണ്ടായിരുന്നതുകൊണ്ടാവാം അദ്ദേഹം സ്വന്തം സ്വത്തുക്കളെല്ലാം പാർട്ടിക്ക് നല്കിയത്. അദ്ദേഹത്തെപ്പോലെ തന്നെ ഏ.കെ.ജിയും വടക്കേ മലബാറിലെ ഒരു ജന്മികുടുംബത്തിലെ അംഗമായിരുന്നു. കെ.പി.ആർ.ഗോപാലനും അദ്ദേഹത്തിന്റെ സഹോദരങ്ങളും നേർപെങ്ങളുടെ മകൻ ഇ.കെ. നായനാരും മുന്തിയ ജന്മിമാരായിരുന്നു. അങ്ങനെ സമൂഹം അംഗീകരിച്ച കറകളഞ്ഞ കമ്യൂണിസ്റ്റുകൾ തലപ്പത്തുണ്ടായിരുന്നപ്പോഴൊന്നും മേല്പ്പറഞ്ഞവരുടെ ഒന്നും സ്വത്ത് വെളിപ്പെടുത്താൻ തീരുമാനമെടുക്കേണ്ടി വന്നിട്ടില്ല സി.പി.എമ്മിന്. അവരൊക്കെ കാര്യത്തിൽ, പാർട്ടിയിൽ അംഗത്വമെടുക്കുമ്പോൾ ഉണ്ടായിരുന്ന സ്വത്ത് പിന്നെപ്പിന്നെ കുറഞ്ഞുവരികയായിരുന്നു. മരിക്കുമ്പോൾ അവരാരും സമ്പന്നരായിരുന്നില്ല. പക്ഷേ, ജനപിന്തുണ എന്ന സമ്പത്തിന്റെ കൊടുമുടിയിലുമായിരുന്നു. എന്തേ ഇപ്പോഴിങ്ങനെയാവാൻ?

വെളിപ്പെടുത്താനാണെങ്കിൽ നേതാക്കളുടെ മാത്രം സ്വത്ത് വെളിപ്പെടുത്തിയാൽ മതിയോ, പാർട്ടിയുടെ സ്വത്തും എത്രയുണ്ടെന്ന് അറിയണ്ടേ? വമ്പിച്ച കെട്ടിടസമുച്ചയങ്ങൾ. അതിലെ വിലയേറിയ ഉപകരണങ്ങൾ, സുഖസൗകര്യ സംവിധാനങ്ങൾ- ഇതൊക്കെ സമൂഹത്തിന്റെ മുമ്പിൽ തുറന്നു കാണിക്കേണ്ടതല്ലേ?

തൊഴിലാളിവർഗത്തോടൊപ്പം നിന്ന്, അവന്റെ കുടിലുകളിൽ അന്തിയുറങ്ങി, അവന്റെ ജീവിതസാഹചര്യവുമായി പൊരുത്തപ്പെട്ട്, അവനുവേണ്ടി പോരാടേണ്ട കമ്യൂണിസ്റ്റുകൾ വഴിതെറ്റാൻ ഇടയുള്ള ബൂർഷ്വാസംസ്കാര സാഹചര്യം പാർട്ടി ആസ്ഥാനങ്ങളിലുണ്ടെങ്കിൽ അതും, അതോടൊപ്പം കമ്യൂണിസ്റ്റ് വീക്ഷണത്തിന് വിരുദ്ധമായ സ്വത്തുക്കളുള്ള നേതാക്കളുടെ സ്വത്തുക്കളും കണ്ടുകെട്ടി രാഷ്ട്രത്തിന് സമർപ്പിക്കാൻ തയ്യാറായാൽ അതൊരു ശുദ്ധീകരണത്തിന്റെ തുടക്കമായി കാണാം.

>> 3

**എല്ലാം പാർട്ടിക്ക് വേണ്ടി സമർപ്പിച്ച് പാർട്ടി പറഞ്ഞതുമാത്രം ചെയ്ത് രക്തസാക്ഷികളായ ആയിരങ്ങൾ ഉണ്ടല്ലൊ? അവരുടെ കുടുംബങ്ങളുടെ ഇന്നത്തെ സ്വത്തും അവസ്ഥയും ഒന്ന് വെളിപ്പെടുത്താമോ സിപിഐഎമ്മിന്? അതും ഇന്നത്തെ നേതാക്കളുടെയും പാർട്ടിയുടെയും അവസ്ഥയും സത്യസന്ധമായി താരതമ്യം ചെയ്യാൻ കൂടി സിപിഐ (എം) തയ്യാറാകുമോ?**

## പ്രതിച്ഛായ ഓണപ്പതിപ്പ് പ്രകാശനം ചെയ്തു

പ്രതിച്ഛായ ഓണപ്പതിപ്പിന്റെ പ്രകാശനം കേരളാ കോൺഗ്രസ് (എം) ലീഡർ കെ.എം. മാണി എം.എൽ.എ നിർവഹിച്ചു. മഹാത്മാഗാന്ധി സർവകലാശാല മാസ് കമ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ സയൻസസ് ഡയറക്ടർ മാടവന ബാലകൃഷ്ണപിള്ള ആദ്യകോപ്പി സ്വീകരിച്ചു.

സെപ്റ്റംബർ അഞ്ച് ശനിയാഴ്ച വൈകുന്നേരം കേരളാ കോൺഗ്രസ് സംസ്ഥാനകമ്മിറ്റി ഓഫീസ് ഹാളിൽ ചേർന്ന പ്രകാശനസമ്മേളനത്തിൽ പ്രതിച്ഛായ പബ്ലീഷിംഗ് ട്രസ്റ്റ് ചെയർമാൻ അറയ്ക്കൽ ബാലകൃഷ്ണപിള്ള അധ്യക്ഷത വഹിച്ചു. പാർട്ടി ജനറൽ സെക്രട്ടറിയും പ്രതിച്ഛായ കോ-ഓർഡിനേഷൻ ഡയറക്ടറുമായ പി.ടി. ജോസ് സ്വാഗതം ആശംസിച്ചു.

പ്രതിച്ഛായ ട്രസ്റ്റ് ഡയറക്ടർമാരായ പ്രൊഫ. തോമസ് ജോസ് വട്ടമല, അഡ്വ. ടോം ജോസ് പടിഞ്ഞാറേക്കര, കേരളാ കോൺഗ്രസ് (എം) ജനറൽ സെക്രട്ടറി ബേബി ഉഴുത്തുവാൽ, ജില്ലാ പ്രസിഡണ്ട് ഇ.ജെ. ആഗസ്തി എന്നിവർ പ്രസംഗിച്ചു. ചീഫ് എഡിറ്റർ ഡോ. കുര്യാസ് കുമ്പളക്കുഴി നന്ദി പറഞ്ഞു.

*അനുസ്മരണം*



ഡോ. ആനി ബസന്റ് (1847 – 1933) 14

*മുഖപ്രസംഗം*

ഈ തുടക്കത്തിനു ശുഭകരമായ പര്യവസാനമുണ്ടാകട്ടെ 2

*രാഷ്ട്രീയകേരളം*

നേതൃത്വവും പറയുന്നു: ഞങ്ങൾക്കു തെറ്റി

സാബു ജോൺ 4

*കാഴ്ചവട്ടം*

ശവം തീനികൾ മനുഷ്യരൂപത്തിൽ 5

പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

*വിശകലനം*

മോഹൻ ഭഗവതിന്റെ മീശയും ചൈനയും ഇന്ത്യൻ രാഷ്ട്രീയത്തെ സ്വാധീനിക്കുന്നതെങ്ങനെ?

ബോബി കെ. മാത്യു 6

*കണ്ണിനും കണ്ണാടിക്കും*

ഇവർക്കു വേണ്ടി കത്തി മിനുക്കുന്നതാരാണ് ?

എസ്. കൃഷ്ണദാസ് 7

*കാലികം*

അധ്യാപനത്തിന്റെ ആത്മശോഭ

അഡ്വ. ചാർളിപോൾ 9

*ഫ്ളാഷ്ബാക്ക്*

അഗ്നി വിഴുങ്ങിയ സൗഹൃദകത്തുകൾ

തേക്കിൻകാട് ജോസഫ് 12

*പുനരാഖ്യാനം*

മഹാഭാരതം

സവ്യസാചി 15

*ജർമൻ ഡയറി*

ആരോഗ്യപരിപാലനം ആശ്രയം മെഡിക്കൽ ഇൻഷുറൻസുകൾ

ജോർജ് കുറ്റിക്കാട്ട് 17

ന്യൂസ് ഡയറി

പി.ആർ. 19

*ഫീച്ചർ*

ജലക്ഷാമവും ജലമലിനീകരണവും മാനവരാശിക്കു ഭീഷണി

പ്രിൻസ് രാജ് 20

മറ്റു പംക്തികളും

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക
വാല്യം 3 ലക്കം 1
23 സെപ്റ്റംബർ 2009
ചീഫ് എഡിറ്റർ: പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*അധികമരുന്നുകളും*
*ഗുണമില്ലാത്തവയാണെന്നറിയുന്നവനാണു*
*നല്ല ഡോക്ടർ.*

***– ബഞ്ചമിൻ ഫ്രാങ്ക്ളിൻ***

# ഈ തുടക്കത്തിനു ശുഭകരമായ പര്യവസാനമുണ്ടാകട്ടെ

**കേ**രളത്തിലെ മെഡിക്കൽ കോളജ് അധ്യാപകരുടെ സേവന, വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കാനുണ്ടായ കാലതാമസം മെഡിക്കൽ രംഗത്ത് ഒട്ടേറെ പ്രതിസന്ധികൾ സൃഷ്ടിക്കുകയുണ്ടായി. സമരവും പണിമുടക്കും ബഹിഷ്ക്കരണവും ഉൾപ്പെടെ മെഡിക്കൽ പ്രൊഫഷന്റെ മികവിനു കോട്ടം വരുത്തുന്ന പ്രതിഷേധ പരിപാടികളിലൂടെ ഡോക്ടർമാർ നീണ്ടപോരാട്ടം തന്നെ നടത്താൻ നിർബന്ധിതരായി. വൈകിയാണെങ്കിലും ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കാൻ സർക്കാർ തയ്യാറായത് സന്തോഷകരമാണ്.

> **ഒരു രോഗത്തിനു ചികിത്സ തേടിയെത്തുന്നവർ ഒമ്പതു രോഗം ഉള്ളിലാക്കി മടങ്ങുന്ന ആപത്ക്കരമായ സാഹചര്യങ്ങളാണ് പല സർക്കാർ ആശുപത്രികളിലും നിലനില്ക്കുന്നത്.**

ശമ്പളം വർധിപ്പിച്ചതോടൊപ്പം മെഡിക്കൽ കോളജ് അധ്യാപകരായ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസും കൂടി നിരോധിച്ചിരിക്കുകയാണ്. ഇതു നടപ്പിലാക്കണമെന്ന് ഇന്ത്യൻ പാർലമെണ്ടുതന്നെ 1982ലെ ആരോഗ്യ നയപ്രഖ്യാപനത്തിലൂടെ സംസ്ഥാന സർക്കാരുകൾക്കു നിർദേശം നല്കിയിരുന്നു. 1996ലെ ടി.എൻ.ജയചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലും സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് അവസാനിപ്പിക്കണമെന്ന ശുപാർശയുണ്ടായിരുന്നു. ഇക്കാര്യത്തിൽ മുൻ ഗവൺമെണ്ടുകൾ ചില നടപടികൾക്കു മുതിർന്നെങ്കിലും അവയൊന്നും ഫലപ്രദമായില്ല.

സർക്കാർ ആശുപത്രികളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ അവരുടെ വിശ്രമസമയം വിനിയോഗിച്ചു സ്വകാര്യ പ്രാക്ടീസ് നടത്തുന്നതു സമൂഹത്തിനു ഗുണകരമല്ലേയെന്ന ചോദ്യം പലരും ഉന്നയിക്കാറുണ്ട്. ഒരു വിധത്തിലും ന്യായീകരിക്കാനാവാത്ത ഒന്നാണു സ്വകാര്യ പ്രാക്ടീസ് എന്ന കാര്യത്തിൽ സംശയം വേണ്ട. ഡോക്ടർമാർ മുഴുവൻസമയ ജനസേവകരാണ്. അവരുടെ വിശ്രമസമയം അധിക വരുമാനമുണ്ടാക്കാൻ വിനിയോഗിക്കുന്നതു വഴി അവരുടെ കർമശേഷി കുറഞ്ഞുപോകാനിടയുണ്ടെന്നും വിസ്മരിക്കാൻ പാടില്ല. അനുദിനം പുറത്തുവരുന്ന പുതിയ ഗവേഷണഫലങ്ങളും മരുന്നുകളും പരിചയപ്പെടാനും അവർ തങ്ങളുടെ വിശ്രമസമയമല്ലാതെ മറ്റേതു സമയമാണു വിനിയോഗിക്കുക?

മെഡിക്കൽ അധ്യാപകർ സാധാരണ ഡോക്ടർമാരെക്കാൾ കൂടുതൽ ഉത്തരവാദിത്വബോധവും മികവും പ്രകടിപ്പിക്കേണ്ടവരാണ്. പുതിയ തലമുറയ്ക്ക് അറിവും പരിചയവും പകർന്നുനല്കി അവരെ മികച്ച ഡോക്ടർമാരായി രൂപപ്പെടുത്തി സമൂഹത്തിനു സംഭാവന ചെയ്യുകയെന്നതു മഹത്തരമായ പ്രക്രിയയാണ്. സ്വന്തമായ അന്വേഷണവും പഠനവും ഗവേഷണവും നടത്താനും മെഡിക്കൽ കോളജ് അധ്യാപകർക്ക് ബാധ്യതയുണ്ട്. സാമൂഹികവും വ്യക്തിപരവുമായ ഈ പ്രതിബദ്ധത സ്വകാര്യ പ്രാക്ടീസിന്റെ പ്രലോഭത്തിൽ പെട്ടുപോകുന്ന അധ്യാപകർ വിസ്മരിച്ചുകളയുന്നു. ഈ സാഹചര്യത്തിനൊരു മാറ്റം വരുത്താനും സ്വകാര്യ പ്രാക്ടീസ് നിരോധനം പ്രയോജനപ്പെടും.

ഒരു ഡോക്ടർക്ക് സമൂഹത്തിലുള്ള നിലയും വിലയും അവരുടെ ജീവിത നിലവാരത്തെയും ഉയർന്നതാക്കുന്നു. ഇത് ജീവിതച്ചെലവു വർധിപ്പിക്കുന്നു. ഉയർന്ന ജീവിതച്ചെലവു താങ്ങാൻ ഉയർന്ന ശമ്പളം ആവശ്യമാണ്. അതു പോരാതെ വരുമ്പോഴാണു പലരും 'കിമ്പള' ത്തിന്റെ പ്രലോഭനത്തിൽപെട്ടുപോകുന്നത്. അത് മെഡിക്കൽ പ്രൊഫഷന്റെ മഹത്വം കെടുത്തിക്കളയുകയും രോഗികൾക്ക് അർഹമായ ചികിത്സ ലഭ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. പുതിയ ശമ്പളനിരക്ക് അപമാനകരമായ പ്രവണതകളിൽ നിന്ന് ഡോക്ടർമാരെ രക്ഷിക്കും എന്നു പ്രതീക്ഷിക്കാം.

ഇതോടൊപ്പം മെഡിക്കൽ കോളജ് ആശുപത്രികളുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളുടെ നിലവാരവും മെച്ചപ്പെടുത്തേണ്ടതുണ്ട്. പല സർക്കാർ ആശുപത്രികളും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലവും കാര്യക്ഷമതയില്ലാത്ത ഭരണ നിർവഹണം മൂലവും രോഗകേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. ഒരു രോഗത്തിനു ചികിത്സ തേടിയെത്തുന്നവർ ഒമ്പതുരോഗം ഉള്ളിലാക്കി മടങ്ങുന്ന ആപത്ക്കരമായ സാഹചര്യമാണിവിടങ്ങളിൽ നിലവിലുള്ളത്.

സൗകര്യങ്ങൾ പരിമിതമാകുന്നതനുസരിച്ചു ചികിത്സയുടെ ഫലപ്രാപ്തിയും കുറഞ്ഞുവരും. അശ്രദ്ധയും ഉദാസീനതയും പെരുകും. എത്ര നന്നാക്കിയാലും നന്നാവില്ല എന്നു വന്നാൽ അങ്ങനെയെങ്ങാൻ കിടക്കട്ടെ എന്നു ബന്ധപ്പെട്ടവർ നിരാശരാകും. മാലിന്യങ്ങളും രോഗബാധയും വർധിതമാകും. കൈക്കൂലിയും അഴിമതിയും നിയന്ത്രണാധീതമാകും. പൊറുക്കാൻ വെയ്ക്കുന്നത് മരിക്കാനാവും. ഈ വസ്തുതകൾ മനസ്സിലാക്കി കേരളത്തിലെ സർക്കാർ ആശുപത്രികളെ 'രോഗവിമുക്ത'മാക്കി നമ്മുടെ പാവപ്പെട്ട ജനങ്ങളുടെ ആയുസ്സും ആരോഗ്യവും സംരക്ഷിക്കാനും വർധിപ്പിക്കാനും സർക്കാരിന് കഴിയണം.

മെഡിക്കൽ കോളജ് അധ്യാപകരുടെ ശമ്പള പരിഷ്ക്കരണവും സ്വകാര്യ പ്രാക്ടീസ് നിരോധനവും ഇതിന്റെ തുടക്കമാകുമെന്ന് പ്രതീക്ഷിക്കുന്നു.

# കത്തുകൾ

## മാർക്സിസ്റ്റ് പാർട്ടിക്ക് ഇല്ലാതെ പോയത്

**മാ**ർക്സിസ്റ്റ് പാർട്ടിക്ക് ഇല്ലാതെ പോയതെന്ത് എന്ന ചോദ്യത്തിന് ഉത്തരം പറയാൻ ചാടിയെഴുന്നേല്ക്കുന്നവരെ എനിക്ക് കാണാൻ കഴിയും. അവർ മണിമണിയായി പറയുന്ന കാര്യങ്ങൾ കേൾക്കാനും കഴിയും.

മനുഷ്യത്വമില്ലായ്മ, മര്യാദയില്ലായ്മ, മാന്യതയില്ലായ്മ, പ്രതിപക്ഷ ബഹുമാനമില്ലായ്മ.... അങ്ങനെ നീളുന്നു ഇല്ലായ്മകളുടെ പട്ടിക.

'അധ്വാനവർഗസിദ്ധാന്ത'ത്തിന്റെ ഉപജ്ഞാതാവായ കെ.എം.മാണി തന്റെ വിഖ്യാത പുസ്തകത്തിൽ മാർക്സിസ്റ്റ് പാർട്ടിയുടെ അപര്യാപ്തതകൾ അക്കമിട്ടുനിരത്തുന്നുണ്ട്.

തൊഴിലാളിവർഗ സർവാധിപത്യത്തിന്റെ പേരിൽ സ്വേച്ഛാധിപത്യഭരണം അടിച്ചേല്പിച്ചതാണ് അദ്ദേഹം കാണുന്ന മുഖ്യ പോരായ്മ. വ്യക്തിസ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം എന്നിവ ഹനിക്കപ്പെട്ടതും മാർക്സിസ്റ്റ് പാർട്ടിയുടെ അപര്യാപ്തതകൾ തന്നെ.

ഓരോ ജനുസ്സിൽപെട്ട ജീവിയും ഇന്ന വിധത്തിലായിരിക്കണമെന്ന് തീരുമാനിച്ചത് പ്രകൃതി നിയമമാണ്. നമ്മൾ ചുമ്മാ ആശിച്ചിട്ട് യാതൊരു പ്രയോജനവുമില്ല. ആരു വിചാരിച്ചാലും അട്ടയ്ക്ക് കണ്ണോ കുതിരയ്ക്ക് കൊമ്പോ ഉണ്ടാകാൻ പോകുന്നില്ല.

കുറച്ചുനന്മ കൂടി ഉണ്ടായിരുന്നെങ്കിൽ മാർക്സിസ്റ്റ് പാർട്ടിയെ പിടിച്ചാൽ കിട്ടുമായിരുന്നില്ലല്ലോ. സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും ചീട്ടുകൊട്ടാരം പോലെ കമ്യൂണിസ്റ്റ് ഭരണക്കൂടങ്ങൾ നിലംപൊത്തുകയുമില്ലായിരുന്നു.

മാർക്സിസ്റ്റ് പാർട്ടിയുടെ ഏറ്റവും വലിയ പോരായ്മ ഏതെന്ന് ചോദിച്ചാൽ പറയാനുള്ളത് ഗുരുത്വക്കേട് എന്നാണ്. വൈരുധ്യാത്മക ഭൗതികവാദത്തിൽ ഗുരുത്വത്തിന് സ്ഥാനമില്ലായിരിക്കാം. എന്നാൽ അങ്ങനെയൊന്നുണ്ട് എന്നത് നമുക്കെല്ലാം അനുഭവവേദ്യമാണ്.

'കുരുത്തം'കെട്ടാലും കുമ്പളം കെട്ടാലും ഒന്നിനും കൊള്ളില്ല എന്നാണ് ചൊല്ല്. കെട്ട കുമ്പളം കുപ്പയിലെറിയാനേ പറ്റൂ. കുരുത്തംകെട്ട പാർട്ടികളെയും അടുത്ത തിരഞ്ഞെടുപ്പുവരുമ്പോൾ വെളിയിലെറിയും. ജനാധിപത്യ വ്യവസ്ഥ നിലനില്ക്കുന്നതുകൊണ്ട് അങ്ങനെയൊരു സൗകര്യമുണ്ട്. അതില്ലാതിരുന്നാലത്തെ ഭീകരാവസ്ഥയെക്കുറിച്ച് ഒന്ന് ചിന്തിച്ചു നോക്കൂ...

'താനാരെടാ ഞങ്ങളെ ഗുരുത്വം പഠിപ്പിക്കാൻ' എന്നൊരാക്രോശം കേൾക്കാൻ കഴിയുന്നുണ്ട്. സഖാക്കളേ, ഈയുള്ളവൻ കമ്യൂണിസ്റ്റ് വിരുദ്ധനൊന്നുമല്ല. രണ്ടര ദശകത്തോളം കാലം പാർട്ടിയുടെ കൂടെ നിന്നവനാണ്. പുരോഗമന സാഹിത്യകാരൻ. എന്നെ പുറത്താക്കിയതല്ല. വെറുമൊരു അനുഭാവിക്ക് പാർട്ടി കാർഡ് കാണില്ലല്ലോ. ഈയുള്ളവൻ തഴയപ്പെട്ടതാണ്. ക്രമേണ തമസ്ക്കരികപ്പെട്ടതാണ്. മലയാള മനോരമയുടെ നോവൽ അവാർഡ് കൈപറ്റിയതാണ് ഞാൻ ചെയ്ത മഹാപരാധം. ബൂർഷ്വാ കെണിയിൽ വീണില്ലേ!

തന്നെക്കാൾ പ്രായമുള്ളവൻ ഗുരുസ്ഥാനീയനാണ്. 'ഗുരുവിനെ നീയെന്നൊരു വാക്കു ചൊന്നാൽ ഗുരുവധം ചെയ്തഫലം വരുമെടോ' എന്നാണ് ഭഗവാൻ കൃഷ്ണൻ അർജുനനെ ഉപദേശിക്കുന്നത്. യുധിഷ്ഠിരനെ ചീത്തവിളിച്ച് ഗുരുവധമെന്ന ഘോരാപരാധത്തിൽ നിന്ന് രക്ഷപ്പെടാനുള്ള വഴി.

വി.എസ്, പിണറായി വിജയന്റെയും എം.എ. ബേബിയുടെയും ഡോക്ടർ തോമസ് ഐസക്കിന്റെയും മറ്റും ഗുരുസ്ഥാനീയനാണ്. എത്ര തെറിയാണ് ആ പാവം ഇന്നുവരെ കേട്ടത്. ഇതെല്ലാം ഗുരുത്വക്കേടല്ലാതെ മറ്റെന്താണ്?

നൃപൻ ചക്രവർത്തി മുതൽ ബർലിൻ കുഞ്ഞനന്തൻ നായർ വരെ എത്ര ഗുരുക്കന്മാരുടെ ശാപമേറ്റിട്ടുണ്ട്, മാർക്സിസ്റ്റ് പാർട്ടി! വല്ല കണക്കുമുണ്ടോ? ഗുരുഭക്തിയില്ലാത്തത് കൊണ്ടാണ് പലപ്പോഴും ഇരിക്കുന്ന കൊമ്പ് വെട്ടിമുറിക്കുന്നത്.

ഇളം തലയ്ക്കലിരുന്ന് ശാഖയുടെ മുതുതല കൊത്തി മുറിക്കുന്നവനോട് 'നീ അടുത്ത നിമിഷം വീഴുമെടാ' എന്നു പറയാൻ വലിയ പ്രവചനശേഷിയൊന്നും വേണ്ടാ.

1989ൽ തന്റെ അധ്വാനവർഗ സിദ്ധാന്തം പ്രസിദ്ധപ്പെടുത്തുമ്പോൾ തന്നെ, അപര്യാപ്തതകൾ പരിഹരിച്ചില്ലെങ്കിൽ മാർക്സിസത്തിന് പ്രസക്തി നഷ്ടപ്പെടുമെന്ന് കെ.എം. മാണി പ്രവചിച്ചിരുന്നു. 1991 ഡിസംബർ 31 ന് സോവിയറ്റ് യൂണിയൻ നിലംപതിക്കുകയും ചെയ്തു. പിബിയോ സിസിയോ കൂടിയാലൊന്നും 'കുരുത്തക്കേട്' എന്താണെന്ന് മനസ്സിലാവില്ല. ഗുരുത്വമില്ലായ്മകൊണ്ടാണ് തെറ്റു ചെയ്യലും തിരുത്തലും മാത്രമായി പാർട്ടി പ്രവർത്തനം പരിമിതപ്പെടുന്നത്.

**സുകുമാർ കക്കാട്**

### അന്തിമ ലിസ്റ്റായില്ല

## സാമൂഹിക സുരക്ഷാ പെൻഷനുകൾ വൈകുന്നു

**സം**സ്ഥാന സർക്കാർ അന്തിമ ബി.പി.എൽ. ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിനാൽ വിവിധ സാമൂഹിക സുരക്ഷാ പെൻഷനുകൾക്ക് തിരഞ്ഞെടുക്കപ്പെട്ട ആയിരക്കണക്കിന് ഉപഭോക്താക്കൾക്കുള്ള പെൻഷൻ വിതരണം വൈകുന്നു. സമൂഹത്തിലെ ഏറ്റവും ദുരിതമനുഭവിക്കുന്ന വാർധക്യകാല, കർഷക തൊഴിലാളി, അവിവാഹിതരായ അമ്പതുവയസ്സിനു മുകളിലുള്ള സ്ത്രീകൾ, വിധവകൾ, വികലാംഗർ തുടങ്ങിയ പെൻഷനുകൾക്ക് പുതിയതായി അർഹത നേടിയ ഉപഭോക്താക്കളുടെ പെൻഷൻ വിതരണമാണ് വൈകുന്നത്.

അന്തിമ ബി.പി.എൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെയും പെൻഷനർഹരായ പുതിയ ഉപഭോക്താക്കളുടെ വിവരങ്ങൾ ഇൻഫർമേഷൻ കേരളാ മിഷന് പൂർണമായി നല്കാതെയും പുതിയ ഉപഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യരുതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കളക്ട്രേറ്റിൽ നിന്ന് നിർദേശം ലഭിച്ചിട്ടുണ്ട്. ജൂലൈ 27ന് പുറപ്പെടുവിച്ച ഈ നിർദേശത്തെ തുടർന്നാണ് പുതിയ ഉപഭോക്താക്കൾക്ക് പെൻഷൻ വിതരണത്തിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർത്തിവച്ചത്.

സംസ്ഥാനത്തെ നൂറുകണക്കിന് ഉപഭോക്താക്കളാണ് പെൻഷൻ വൈകുന്നതുമൂലം ദുരിതം അനുഭവിക്കുന്നത്. അതുകൊണ്ട് സർക്കാർ അന്തിമ ബിപിഎൽ ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കണം.

***ജോജി തൈക്കൂടൻ***
*കരുമ്പന്നൂർ, ഇരിങ്ങാലക്കുട*

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK

- *ചെറുകഥ*
- ഉല്ലല ബാബു

# ചാറിന്റെ രുചി

ഒരിക്കൽ ശ്രീനാരായണഗുരുവിനെ കാണാനായി ഗാന്ധിജി ശിവഗിരിയിലെത്തി. ഗാന്ധിജിയെ ഗുരു സ്വീകരിച്ചിരുത്തി.

ഗുരുവും ഗാന്ധിജിയുമായി പല കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. സംഭാഷണമദ്ധ്യേ ഗാന്ധിജി ചോദിച്ചു– "ഗുരോ, ജാതിവ്യത്യാസം പ്രകൃതിയിലും മനുഷ്യരിലും മറ്റു ജീവജാലങ്ങളിലും സഹജമല്ലേ?"

"അങ്ങ് അങ്ങനെ പറയുന്നതിന് എന്താണ് അടിസ്ഥാനം?" ഗുരു സംശയം പ്രകടിപ്പിച്ചു.

അല്പം അകലെ നില്ക്കുന്ന ഒരു മാവ് ചൂണ്ടിക്കൊണ്ട് ഗാന്ധിജി പറഞ്ഞു–

"നോക്കൂ, ആ മാവിൽ കൂമ്പിലയുണ്ട്, തളിരിലയുണ്ട്, പച്ചിലയുണ്ട്, പഴുത്ത ഇലയുണ്ട്, തടിയുണ്ട്, വേരുണ്ട്. ഒന്നു തന്നെ. പക്ഷേ എത്ര ഭിന്നം? "



ഗുരു ഉള്ളിലോർത്തു. അതിബാഹ്യമായ ഭിന്നതകളെക്കുറിച്ചാണ് ഗാന്ധിജി പറഞ്ഞുവരുന്നത്. അവയ്ക്കിടയിലെ ഏകതയുടെ പൊരുൾ ഗാന്ധിജി കാണാതെ പോയി. താത്വികമായോ, ദാർശനികമായോ ഇതിനുത്തരം പറഞ്ഞാൽ പോര. ശാസ്ത്രീയമായിതന്നെ മറുപടികൊടുക്കണം – ഗുരുവിന്റെ മനസ്സ് മന്ത്രിച്ചു.

ഒന്നു മന്ദഹസിച്ചുകൊണ്ടു ഗുരു തുടർന്നു –"ശരിയാണ്. തളിരിലയ്ക്ക് ഇളം വയലറ്റുനിറം, പച്ചിലകൾക്ക് കരിംപച്ച നിറം, പഴുത്ത ഇലകൾക്ക് മഞ്ഞനിറം. പക്ഷേ ഇവയുടെ എല്ലാം ചാറിന്റെ രുചി ഒന്നായിരിക്കും."

ഗുരുവിന്റെ ഈ മറുപടി ഗാന്ധിജിയെ തെല്ലൊന്ന് അത്ഭുതപ്പെടുത്തി.

ഗാന്ധിജി ഗുരുവിന്റെ മുഖത്തേക്ക് നോക്കി ഇരുന്നു.

❖

1 >>

## സ്വത്തുവെളിപ്പെടുത്തേണ്ടത് ആരുടേത്; പാർട്ടിയുടേതോ നേതാക്കളുടേതോ ?

പ്രസ്ഥാനത്തെ സ്ഥാപനവത്ക്കരിച്ചും നേതാക്കൾ ബൂർഷ്വാ സംസ്കാരത്തിനടിമപ്പെട്ടും കമ്യൂണിസ്റ്റ് ചൈതന്യം നഷ്ടപ്പെടുത്തി എന്ന തോന്നലു കൊണ്ടാണോ എന്തോ, ഈ അടുത്ത കാലത്ത് സി.പി.ഐ.ക്കാരുടെ തലശ്ശേരി മണ്ഡലം സമ്മേളനത്തിന്റെ ഭാഗമായി നടന്ന പ്രകടനത്തിൽ വിളിച്ചു കേട്ട മുദ്രാവാക്യം രസകരമായി തോന്നി. അതിങ്ങനെ – 'ലാളിത്യത്തിൻ പാർട്ടിയിത്, ധാർമികതയുടെ പാർട്ടിയിത്,ധിക്കാരമില്ലാ പാർട്ടിയിത്, സി.പി.ഐ. സിന്ദാബാദ്.' വീണ്ടും അവർ വിളിച്ചു – 'മാവോ തന്നുടെ തലയിണമന്ത്രം, കേട്ടു മയങ്ങിയ നേതാക്കന്മാർ 110ൽ 32. അവരീപാർട്ടിയെ ഭിന്നിപ്പിച്ചു, വർഷം 45 കഴിഞ്ഞു, ഇനിയും വേണേൽ ഒന്നിക്കാം.'

സിപിഐ കലക്കവെള്ളത്തിൽ മീൻ പിടിക്കാൻ ഇറങ്ങിയതാണോ? അതോ 1964ൽ പാർട്ടി പിളർന്നപ്പോൾ സിപിഎം മുഴക്കിയ "വെയ്യെടാ വലതാ ചെങ്കൊടി താഴെ" എന്ന മുദ്രാവാക്യത്തിന് ബദൽ അടിച്ചതാണോ? എന്തായാലും ഒരു കാര്യം വ്യക്തം. കാറൽ മാർക്സിന്റെയും എംഗൽസിന്റെയും പ്രസ്ഥാനത്തിന്റെ തുടക്കത്തിലെ ചൈതന്യം ലോകമെമ്പാടും കെടുത്തിയതിന് ഉത്തരവാദികൾ അവർക്ക് ശേഷം അതേറ്റെടുത്ത് നടത്തിപ്പുകാരായി മാറിയവരാണ്. ലക്ഷ്യം മറന്ന് പാർട്ടിയുടെയും പാർട്ടി ഏല്പിച്ച സ്ഥാനങ്ങളുടെയും സ്വാധീനത്തിൽ സ്വയം വളരാനും സ്വന്തം കുടുംബങ്ങളെ വളർത്താനും ശ്രമിച്ചവർ, കുടുംബസ്വത്ത് വിറ്റ് പാർട്ടി പ്രവർത്തനം നടത്തിയ ഇ.എം.എസ് അടക്കമുള്ളവരെ തള്ളിപ്പറഞ്ഞുകഴിഞ്ഞു. ഇപ്പോഴത്തെ പിബിയുടെ തീരുമാനം ആത്മാർത്ഥതയോടെ ആണെങ്കിൽ ആദ്യം മാതൃക കാണിക്കേണ്ടവർ തലപ്പത്തുള്ളവരാണ്.

ലോകത്ത് ഒരിടത്തും, കമ്യൂണിസ്റ്റ് പാർട്ടി തകർന്ന് തരിപ്പണമായ സ്ഥലങ്ങളിലടക്കം, അണികൾ മുഖാന്തിരം പാർട്ടിക്ക് ക്ഷീണം ഉണ്ടായതായി കേട്ടറിവില്ല. അവർ നേതൃത്വത്തിന്റെ നെറികെട്ട പ്രവർത്തനവും വഴിവിട്ടപോക്കും കണ്ട് മടുത്തിട്ടും നെഞ്ചോട് ചേർത്ത് തങ്ങളുടെ

> **ലോകത്ത് ഒരിടത്തും, കമ്യൂണിസ്റ്റ് പാർട്ടി തകർന്ന് തരിപ്പണമായ സ്ഥലങ്ങളിലടക്കം, അണികൾ മുഖാന്തിരം പാർട്ടിക്ക് ക്ഷീണം ഉണ്ടായതായി കേട്ടറിവില്ല. അവർ നേതൃത്വത്തിന്റെ നെറികെട്ട പ്രവർത്തനവും വഴിവിട്ട പോക്കും കണ്ട് മടുത്തിട്ടും നെഞ്ചോട് ചേർത്ത് തങ്ങളുടെ പ്രസ്ഥാനത്തെ പുല്കിയവരാണ്. പക്ഷേ, അവർക്കും ഏറെക്കാലം സഹിച്ചു നില്ക്കാനായില്ല. നെഞ്ചുതകർന്നാണവർ തങ്ങളുടെ ഹൃദയശ്രീകോവിലിൽ നിന്ന് പാർട്ടിയെ പുറംതള്ളിയത്.**

പ്രസ്ഥാനത്തെ പുല്കിയവരാണ്. പക്ഷേ, അവർക്കും ഏറെക്കാലം സഹിച്ചു നില്ക്കാനായില്ല. നെഞ്ചുതകർന്നാണവർ തങ്ങളുടെ ഹൃദയശ്രീകോവിലിൽ നിന്ന് പാർട്ടിയെ പുറംതള്ളിയത്. സങ്കടം മറച്ചുവയ്ക്കാനും മറ്റൊന്ന് പുല്കാനുള്ള മടിയും കാരണം അവരിൽ ബഹുഭൂരിപക്ഷവും ചുവന്ന കൊടിയും കമ്യൂണിസ്റ്റ് എന്ന നാമധേയവും പേറി കാലം കഴിക്കുകയാണ്. ഇതിന്റെ ഉദാഹരണങ്ങളായി കെ.പി.ആറും കോസല രാമദാസും ഏ.വി.ആര്യനും എം.വി.ആറും ഗൗരിയമ്മയും ഷൊർണൂരിലെ മുരളിയും ഓഞ്ചിയത്തെ ചന്ദ്രശേഖരനും കേരളത്തിൽ തന്നെ നമ്മുടെ മുന്നിലുണ്ടല്ലോ.

പാർട്ടി നയത്തിന്റെ പേരിൽ, ആദർശ ശുദ്ധിയുടെ പേരിൽ സ്വന്തം കുഞ്ഞുങ്ങളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അയച്ച് പഠിപ്പിക്കണമെന്ന് ആഗ്രഹിച്ച എത്രയോ സഖാക്കൾ അത് വേണ്ടെന്ന് വച്ചിട്ടുണ്ട്. ആർഭാട ജീവിതം പാടില്ലാത്തതായതുകൊണ്ട് ഒരു മുന്തിയതരം പാന്റോ വില കൂടിയ ഷർട്ടോ നല്ല ഒരു സാരിയോ ഉടുക്കാതെ തൊഴിലാളിവർഗ സംസ്കാരം സംരക്ഷിച്ച എത്രയോ സഖാക്കളുണ്ട് നമ്മുടെ നാട്ടിൽ. സ്വന്തം മക്കളുടെ വിവാഹം ആഘോഷപൂർവം നടത്തണമെന്നാഗ്രഹമുണ്ടായിരുന്നിട്ടും ആദർശത്തിന്റെ പേരിൽ അതു വേണ്ടെന്നുവച്ച് പാർട്ടി ഓഫീസിൽ പോയി നേതാവെടുത്തുകൊടുക്കുന്ന മാല പരസ്പരം ചാർത്തി വിവാഹിതരായ എത്രയോ യുവതീയുവാക്കളുണ്ടായിരുന്നു, കമ്യൂണിസ്റ്റ് പാർട്ടിയിൽ. രമ്യഹർമ്യങ്ങൾ കാണുമ്പോൾ നോക്കി നില്ക്കുകയും അതിന്റെ ഒരു ചെറിയ പതിപ്പ് വീട് തീർക്കണം എന്ന് മനസ്സിൽ മോഹം കൊണ്ട് നടക്കുകയും ചെയ്ത എത്രയോ കമ്യൂണിസ്റ്റുകൾ പാർട്ടിക്കുവേണ്ടി അതുവേണ്ടെന്നു വച്ചിട്ടുണ്ട്. ഫൈവ്സ്റ്റാർ ഹോട്ടലുകൾ പോയിട്ട് ഒരു മുന്തിയതരം ഹോട്ടലിൽ പോലും കയറാതെ നാടൻ ചായക്കടകളിൽ കയറി കുറഞ്ഞ ചിലവിൽ ഭക്ഷണം കഴിച്ച് പുറത്തിറങ്ങുമ്പോഴും ഞാൻ പാർട്ടിക്കാരനായതുകൊണ്ടാണ് ഇവിടെ കയറുന്നതെന്ന് സ്വയം അഭിമാനിക്കുകയും ഉയർന്ന നേതാവായിട്ടും ഇവിടെ വന്നല്ലോ എന്ന് മറ്റുള്ളവരെക്കൊണ്ട് പറയിക്കുകയും ചെയ്ത് കമ്യൂണിസ്റ്റ് പാർട്ടിയുടെ മഹത്വം കാത്തവർ എത്രയധികം.

എല്ലാം പാർട്ടിക്ക് വേണ്ടി സമർപ്പിച്ച് പാർട്ടി പറഞ്ഞതുമാത്രം ചെയ്ത് രക്തസാക്ഷികളായ ആയിരങ്ങൾ ഉണ്ടല്ലൊ? അവരുടെ കുടുംബങ്ങളുടെ ഇന്നത്തെ സ്വത്തും അവസ്ഥയും ഒന്ന് വെളിപ്പെടുത്താമോ സിപിഐഎമ്മിന്? അതും ഇന്നത്തെ നേതാക്കളുടെയും പാർട്ടിയുടെയും അവസ്ഥയും സത്യസന്ധമായി താരതമ്യം ചെയ്യാൻ കൂടി സിപിഐ (എം) തയ്യാറാകുമോ? വിദേശത്തും മൾട്ടിനാഷണൽ കമ്പനികളിലും ഉന്നത വിദ്യാഭ്യാസമേഖലകളിലും ലക്ഷങ്ങളും കോടികളും സമ്പാദിക്കുകയും മുടക്കി വിലസുകയും ചെയ്യുന്ന പാർട്ടി നേതാക്കളുടെ മക്കളെ തിരിച്ചുവിളിക്കാൻ നിർദേശം കൊടുക്കാമോ പാർട്ടിക്ക്? അല്ലാത്തവരെ പാർട്ടിക്ക് വേണ്ടാ എന്നു പറയുവാനുള്ള ചങ്കുറ്റമുണ്ടോ ഇന്നത്തെ പോളിറ്റ് ബ്യൂറോക്ക്?

ശുദ്ധീകരണമാണ് സ്വത്ത് വെളിപ്പെടുത്തലിലൂടെ സിപിഎം ഉദ്ദേശിക്കുന്നതെങ്കിൽ അത് ആത്മാർത്ഥതയോട് കൂടിയാണ് എന്ന് ജനങ്ങൾക്കും പാർട്ടിയുടെ അപചയത്തിൽ മനസ്സ് വിങ്ങുന്ന സാധാരണ സഖാക്കൾക്കും ബോധ്യമാകണം. അതിനു വേണ്ടി ചിലപ്പോൾ പാർട്ടി ഘടന തന്നെ അടിമുടി പൊളിച്ചെഴുതേണ്ടി വരും. എന്നാലും വേണ്ടില്ല. അത്തരം ഒരു പുനഃസംഘടനയ്ക്കേ ജനവിശ്വാസം വീണ്ടെടുക്കാൻ കഴിയൂ.

❖




## അഡ്വ.സാബു കൊരട്ടിയിലിന് ആദരാഞ്ജലികൾ

**കേ**രളാ കർഷകയൂണിയൻ (എം) കോട്ടയം ജില്ലാ പ്രസിഡണ്ടായിരുന്ന അന്തരിച്ച അഡ്വ. സാബു കൊരട്ടിയിലിന് പ്രതിച്ഛായയുടെ ആദരാഞ്ജലികൾ.

ഹൃദയാഘാതത്തെതുടർന്ന് സെപ്റ്റംബർ എട്ടിനായിരുന്നു അന്ത്യം. മരിക്കുന്നതിന് രണ്ടാഴ്ച മുമ്പാണ് അദ്ദേഹം കർഷകയൂണിയൻ (എം) ജില്ലാ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടത്.

മരങ്ങാട്ടുപിള്ളി ഉപ്പാംതടം കുടുംബാംഗം ഷീബയാണ് ഭാര്യ.

മക്കൾ : ശീതൾ (അൽഫോൻസ റസിഡൻഷ്യൽ സ്കൂൾ, ഭരണങ്ങാനം), ശില്പ, ശീയ, സാഗർ (മൂവരും സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ, ആനക്കല്ല്)

സഹോദരങ്ങൾ : ആലീസ് ജോഗർ



ചെറുകര, ജാൻസി ജോൺ മേലഴകത്ത്, ലിസിയമ്മ ജെയിംസ് നീരാക്കൽ, പരേതയായ വിമല ജോർജ് നെടുംപാറ, ബെന്നി ജോസ്, ജെയ്മോൻ ജോസ്.

CYAN MAGENTA YELLOW BLACK

രാഷ്ട്രീയ കേരളം

സാബു ജോൺ

# നേതൃത്വവും പറയുന്നു: ഞങ്ങൾക്കു തെറ്റി

**കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ കേരളത്തിലെ പാർട്ടി ആർജിച്ച സ്വത്തുക്കളുടെ കഥ കേട്ടാൽ സാധാരണക്കാരൻ മൂക്കത്തു വിരൽ വയ്ക്കും. ലോക്കൽ തലങ്ങളിൽ വരെ പാർട്ടിക്കും പോഷകസംഘടനകൾക്കും സ്വന്തമായ കെട്ടിടവും സ്ഥലവുമെല്ലാം ഇപ്പോഴുണ്ട്. മാത്രല്ല, പാർട്ടി നേതാക്കളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ഇതെല്ലാം ബക്കറ്റ് പിരിവിലൂടെ ഉണ്ടാക്കിയെടുത്തതാണെന്നു പറയാം. പക്ഷേ ജനം വിശ്വസിക്കില്ലെന്നു മാത്രം.**

ഗതികെട്ടാണെങ്കിലും സിപിഎം ഒടുവിൽ ഒരു കാര്യം അംഗീകരിച്ചു. അഴിമതിയും ആഢംബരജീവിതവും ഉൾപ്പെടെ കമ്യൂണിസ്റ്റുകാരനു ചേരാത്തതെന്ന് പറഞ്ഞു വന്നിരുന്നതെല്ലാം തങ്ങളുടെ നേതാക്കൾക്കിടയിലും വ്യാപകമാണ്. രാജ്യത്തെ മറ്റു രാഷ്ട്രീയപ്രസ്ഥാനങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമാണെന്ന് ഇന്നലെ വരെ പറഞ്ഞു പോന്നിരുന്ന നേതാക്കൾക്കും ഇനി വസ്തുതകൾ അംഗീകരിച്ചേ പറ്റൂ.

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലെ തിരിച്ചടിയുടെയും പാർട്ടിക്കുള്ളിൽ സമീപകാലങ്ങളിൽ ശക്തമായിക്കൊണ്ടിരിക്കുന്ന വിഭാഗീയതയുടെയും പശ്ചാത്തലത്തിൽ പാർട്ടി നേതൃത്വം സ്വീകരിക്കുന്ന തിരുത്തൽ നടപടികൾ പാർട്ടിയുടെ ഇന്നത്തെ അവസ്ഥയിലേക്കു ശക്തമായി വിരൽ ചൂണ്ടുന്നു.

യഥാർഥത്തിൽ കഴിഞ്ഞ കോയമ്പത്തൂർ പാർട്ടി കോൺഗ്രസിൽ തന്നെ ചില തിരുത്തൽ നടപടികൾക്കു തീരുമാനമുണ്ടായതാണ്. സംസ്ഥാന തലത്തിലുള്ള നേതാക്കൾ സ്വത്തു വെളിപ്പെടുത്തണമെന്നൊക്കെയുള്ള തീരുമാനങ്ങൾ അന്നേ കൈക്കൊണ്ടിരുന്നു. അങ്ങനെയെന്തെങ്കിലുമുണ്ടായോ എന്നു വ്യക്തമല്ല. ഏതായാലും പുറമേ കാണാവുന്ന വരുമാനമാർഗങ്ങളൊന്നുമില്ലാത്ത സംസ്ഥാനനേതാക്കളും രാജകീയ ജീവിതമാണ് പിന്തുടരുന്നതെന്നു മാത്രം നാട്ടുകാർക്ക് അറിയാം.

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ കേരളത്തിലെ പാർട്ടി ആർജിച്ച സ്വത്തുക്കളുടെ കഥ കേട്ടാൽ സാധാരണക്കാരൻ മൂക്കത്തു വിരൽ വയ്ക്കും. ലോക്കൽ തലങ്ങളിൽ വരെ പാർട്ടിക്കും പോഷകസംഘടനകൾക്കും സ്വന്തമായ കെട്ടിടവും സ്ഥലവുമെല്ലാം ഇപ്പോഴുണ്ട്. മാത്രല്ല, പാർട്ടി നേതാക്കളുടെ സ്ഥിതിയും വ്യത്യസ്തമല്ല.

ഇതെല്ലാം ബക്കറ്റ് പിരിവിലൂടെ ഉണ്ടാക്കിയെടുത്തതാണെന്നു പറയാം. പക്ഷേ ജനം വിശ്വസിക്കില്ലെന്നു മാത്രം. കറ പുരണ്ട പശ്ചാത്തലമുള്ളവരിൽ നിന്നു പണം പിരിക്കരുതെന്ന് തീരുമാനമുള്ള പാർട്ടിയാണ് സിപിഎം. ഓരോ കമ്മിറ്റിക്കും രസീത് നല്കി പിരിക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള തുകയ്ക്ക് പരിധിയും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഈ പരിധികളും നിബന്ധനകളും പാർട്ടി ഒരിക്കലും പാലിച്ചിട്ടില്ല എന്ന കാര്യത്തിൽ സാധാരണ ജനത്തിനു സംശയം ലവലേശമില്ല.

കട്ടൻചായയും പരിപ്പുവടയും കഴിച്ചു പാർട്ടി വളർത്തിയിരുന്ന കാലം കഴിഞ്ഞെന്ന് പ്രമുഖനായ നേതാവ് പരസ്യമായി പ്രസംഗിക്കുമ്പോൾ അത് പാർട്ടി നേതാക്കളുടെ ജീവിതരീതിയിലും കാഴ്ചപ്പാടിലും വന്ന വ്യതിയാനത്തിന്റെ പരസ്യപ്രഖ്യാപനം കൂടിയായിരുന്നു.

ഏതായാലും പാർട്ടി നേതൃത്വം ഇതിനെല്ലാം കടിഞ്ഞാണിടാൻ ആഗ്രഹിക്കുന്നു. പുതിയ പെരുമാറ്റ ചട്ടം അതിനു തെളിവാണ്. ബ്രാഞ്ച് തലം വരെയുള്ളവർ സ്വത്ത് പ്രഖ്യാപിക്കണമെന്നതുൾപ്പെടെയുള്ള പുതിയ നിബന്ധനകൾ പാർട്ടി നടപ്പിലാക്കുമെന്നാണ് കരുതുന്നത്. പക്ഷേ കോയമ്പത്തൂർ പാർട്ടി കോൺഗ്രസിന്റെ തീരുമാനം പോലെയാകുമോ പുതിയ പെരുമാറ്റച്ചട്ടത്തിന്റെ ഗതിയുമെന്ന് പറയാൻ കഴിയില്ല.

കേരളം ഭരിക്കുന്ന പാർട്ടിയാണ് സിപിഎം. കേരളത്തിൽ ദിവസവും പറഞ്ഞു കേൾക്കുന്നത് ഗുണ്ടാ ആക്രമണങ്ങളുടെ കഥകളാണ്. ഗുണ്ടാസംഘങ്ങളെ അമർച്ച ചെയ്യാൻ എന്തുകൊണ്ട് പോലീസിനു കഴിയുന്നില്ല? ഗുണ്ടാലിസ്റ്റിലുള്ളവരിൽ ഭൂരിപക്ഷവും എന്തുകൊണ്ട് പുറത്തു നില്ക്കുന്നു? ഏതെങ്കിലും കേസുകളിൽ ഗുണ്ടകൾ പിടിയിലായാൽ തന്നെ അവരുടെ പേരിലുള്ള കേസുകൾ എങ്ങനെ തേഞ്ഞുമാഞ്ഞു പോകുന്നു? ഇതെല്ലാം പോലീസിന്റെ കള്ളക്കളിയെന്നു പറഞ്ഞു തടിതപ്പാൻ ആത്മാഭിമാനമുള്ള ഭരണക്കാർക്കു സാധിക്കില്ല.

കേരളത്തിൽ ഇപ്പോൾ നടക്കുന്ന മാഫിയ ബന്ധമുള്ള സംഭവങ്ങളുടെയും ഗുണ്ടാ ആക്രമണങ്ങളുടെയുമെല്ലാം പിന്നാമ്പുറ കഥകളിലേക്കു കടന്നാൽ കേരളത്തിലെ പാർട്ടി എവിടെ എത്തി നില്ക്കുന്നുവെന്നു മനസ്സിലാകും. പാർട്ടിയും നേതാക്കളുമെല്ലാം ആരുടെ പക്ഷത്തെന്നും മനസ്സിലാകും.

മൂന്നു പതിറ്റാണ്ടിലേറെയായി ബംഗാളിനെ സ്വന്തമാക്കി വച്ചിരുന്ന സിപിഎമ്മിന് അവിടെ തകർച്ചയാണ്. ലോക്സഭാ തെരഞ്ഞെടുപ്പിലും തുടർന്നു നടന്ന ഉപതെരഞ്ഞെടുപ്പുകളിലുമെല്ലാം പാർട്ടി തോറ്റു തുന്നം പാടി. ഒരു പക്ഷേ പാർട്ടിയിലെ പുതുതലമുറക്കാർക്കു പരിചയമുള്ള കാര്യമല്ല ഈ പരാജയങ്ങൾ. ഇപ്പോഴത്തെ പോക്കിൽ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ അവിടെ എന്തു സംഭവിക്കുമെന്നു വ്യക്തമാണ്. സാധാരണക്കാരിൽ നിന്നും പാവപ്പെട്ടവരിൽ നിന്നും അകന്ന് പാർട്ടി സമ്പന്നർക്കും സമ്പത്തിനും പിറകേ പോയതാണ് ബംഗാളിലെ ഇന്നത്തെ അവസ്ഥയ്ക്കു കാരണം.

**കട്ടൻചായയും പരിപ്പുവടയും കഴിച്ചു പാർട്ടി വളർത്തിയിരുന്ന കാലം കഴിഞ്ഞെന്ന് പ്രമുഖനായ നേതാവ് പരസ്യമായി പ്രസംഗിക്കുമ്പോൾ അത് പാർട്ടി നേതാക്കളുടെ ജീവിതരീതിയിലും കാഴ്ചപ്പാടിലും വന്ന വ്യതിയാനത്തിന്റെ പരസ്യപ്രഖ്യാപനം കൂടിയായിരുന്നു.**

കേരളത്തിലും കാര്യങ്ങൾ വ്യത്യസ്തമല്ല. പാർട്ടി എന്താണെന്നും എന്തു ചെയ്യുന്നു എന്നും നേരിട്ടു കണ്ടുകൊണ്ടിരിക്കുന്ന ജനങ്ങളെ സി.ഐ.എ കഥയും മാധ്യമ സിൻഡിക്കേറ്റിന്റെ കളിയും പറഞ്ഞ് എത്ര കാലം വിശ്വസിപ്പിച്ചു നിർത്താൻ പറ്റുമെന്നതാണ് ചോദ്യം. ❖

## അക്കാദമിക് രംഗത്തിന്റെ പോക്ക്

കേരളീയർ പല മേഖലകളിലും മുന്നേറിയപ്പോൾ അതിനു കാരണമായത് വിദ്യാഭ്യാസരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങളായിരുന്നു. വികസിത രാജ്യങ്ങളുടേതിനു തുല്യമായ നിലവാരത്തിലേക്ക് പ്രാഥമിക വിദ്യാഭ്യാസരംഗത്തെങ്കിലും കേരളത്തിന് വളരെ മുമ്പേ എത്തിച്ചേരാൻ സാധിച്ചിരുന്നു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെല്ലാം വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നോക്കം നിന്നിരുന്ന കാലഘട്ടത്തിലായിരുന്നു കേരളത്തിന്റെ ഈ നേട്ടം. ഇതിന്റെയൊക്കെ ഫലമായി അന്യനാടുകളിൽ പോയി തൊഴിൽ ചെയ്തു ജീവിക്കാൻ കേരളീയർക്കു കഴിയുകയും ചെയ്തു. കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലു തന്നെ ഇങ്ങനെ അന്യനാടുകളിലുള്ള മലയാളികൾ കേരളത്തിലേക്ക് അയയ്ക്കുന്ന പണമാണ്.

എന്നാൽ ആദ്യകാലയളവിലെ മുൻതൂക്കം നിലനിർത്താൻ സമീപനാളുകളിൽ കേരളത്തിനു കഴിയുന്നില്ല എന്നത് ഖേദകരമാണ്.

കേരളത്തിൽ അഖിലേന്ത്യാതലത്തിൽ പോലും അറിയപ്പെടുന്ന ഒരു വിദ്യാഭ്യാസ കേന്ദ്രം ഇന്നു നിലവിലില്ല. കേരളത്തിലെ സർവകലാശാലകളും നിലവാരത്തിൽ പിന്നോക്കം തന്നെ. ഉന്നതവിദ്യാഭ്യാസരംഗത്ത് കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെക്കാൾ പിന്നോട്ടു പോകുന്ന കാഴ്ചയാണുള്ളത്.

അക്കാദമിക് രംഗത്ത് ഈ മേഖലയുമായി യാതൊരു ബന്ധവുമില്ലാത്ത രാഷ്ട്രീയക്കാർ ആധിപത്യം സ്ഥാപിച്ചതാണ് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ നിശ്ചലാവസ്ഥയ്ക്ക് പ്രധാന കാരണമെന്നു കാണാം. ഉന്നതവിദ്യാഭ്യാസ ഭരണ രംഗത്തായാലും അധ്യാപകർക്കിടയിലായാലും അനധ്യാപകർക്കിടയിലായാലും രാഷ്ട്രീയ താത്പര്യങ്ങളാണ് മുന്നിട്ടു നില്ക്കുന്നത്.

കോഴിക്കോട് സർവകലാശാലയിൽ ഈയിടെ നടന്ന ചില സംഭവവികാസങ്ങളാണ് ഇതെഴുതാൻ പ്രേരണയായത്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നിയമിച്ച അധ്യാപകരിൽ എട്ടു പേരെ പിരിച്ചുവിടാൻ സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുകയാണ്. ഇവരിൽ പലരും ഉയർന്ന അക്കാദമിക പശ്ചാത്തലമുള്ളവരാണ്. ഇവരെ പിരിച്ചുവിടാൻ തീരുമാനിച്ച സിൻഡിക്കേറ്റിന് അതൊന്നും അവകാശപ്പെടാനില്ല താനും.

സിപിഎമ്മിനോട് അനുഭാവം പുലർത്തുന്ന യൂണിയനിൽ ചേർന്നു പ്രവർത്തിക്കാൻ വിസമ്മിച്ചതാണത്രെ ഇവരോടുള്ള ശത്രുതാമനോഭാവത്തിനു കാരണം. അക്കാദമിക് കാര്യങ്ങളിൽ ശ്രദ്ധയൂന്നേണ്ട സർവകലാശാലയുടെ പ്രധാന ഭരണനിർവഹണ സംവിധാനമായ സിൻഡിക്കേറ്റിന്റെ പ്രവർത്തനം ഇങ്ങനെയാണെങ്കിൽ ആ സർവകലാശാലയിൽ നിന്ന് കേരളത്തിന് എന്തു പ്രതീക്ഷിക്കാൻ സാധിക്കും?

സർവകലാശാലകളെ രാഷ്ട്രീയത്തിന്റെ പിടിയിൽ നിന്ന് മോചിപ്പിച്ചില്ലെങ്കിൽ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്തിന് ഭാവിയില്ലെന്നു തിരിച്ചറിയേണ്ടതുണ്ട്.

## ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമി മണ്ഡപം ഉദ്ഘാടനം ചെയ്തു



*ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമി മണ്ഡപത്തിന്റെ ഔപചാരിക ഉദ്ഘാടനം കള്ളിക്കാട്ട് പ്രൊഫ. കുമ്പളത്ത് ശാന്തകുമാരിയമ്മ നിർവഹിക്കുന്നു. കള്ളിക്കാട് സുരേന്ദ്രൻ, പി. നാരായണകുറുപ്പ്, ഡോ.എം.പി. ബാലകൃഷ്ണൻ, എസ്. വിമൽകുമാർ, അഡ്വ. കൊല്ലങ്കോട് ജയചന്ദ്രൻ എന്നിവർ സമീപം.*

കാഴ്ചവട്ടം

പ്രൊഫ. മാടവന
ബാലകൃഷ്ണപിള്ള

# ശവം തീനികൾ മനുഷ്യരൂപത്തിൽ

**വാ**ർത്ത വായിച്ച് അക്ഷരാർത്ഥത്തിൽ ഞെട്ടി. മനുഷ്യത്വം ഇത്രയും വറ്റിവരളാമോ? കള്ളനാണെങ്കിൽ പോലും! കള്ളനും വേണ്ടേ അല്പം മര്യാദ?

സംഭവം ക്രൂരമാണ്. മേഴ്സി രവിയുടെ മരണദിവസം ആ വീട്ടിൽ മോഷണം നടന്നുവെന്നു കേട്ടാൽ ഏതു മോഷ്ടാവും ലജ്ജിക്കേണ്ടതല്ലേ? മരണദിവസമെങ്കിലും അതൊന്നൊഴിവാക്കാനുള്ള "മോഷണത്വം" ഇല്ലാതെപോയെന്നുള്ളതാണ് വേദനാജനകം. മേഴ്സി രവിയുടെ മകൾ ലക്ഷ്മിയുടെ മൊബൈൽ ഫോൺ അടക്കം പല സാധനങ്ങളും അന്നേ ദിവസം കാണാതായി-ശവസംസ്കാര ദിവസം. അവിടെയും തീരുന്നില്ല. വെള്ളമടിക്കാനുള്ള പമ്പ് വാടകയ്ക്കാണ് വയലാറിലെ വീട്ടിൽ അന്നെടുത്തിരുന്നത്. പമ്പോടെ വിഴുങ്ങുകയായിരുന്നു. വിഗ്രഹങ്ങൾ മോഷ്ടിച്ചു മതിയാകാഞ്ഞ് അമ്പലം കൂടി വിഴുങ്ങിയ മട്ട്! ഗൃഹനാഥൻ കേന്ദ്രമന്ത്രിയായിരുന്നിട്ടുപോലും കള്ളനുണ്ടോ കൂസുന്നു! അതുകൊണ്ടാകാം, നാണക്കേടും വേദനയുമോർത്തു വയലാർ രവി പോലീസിൽ വിവരമറിയിക്കാതിരുന്നതും.

ണ്ടിരുന്നു. കാരണം, ഇയാൾ മുങ്ങി പുറത്തുകൊണ്ടുവന്നിരുന്നവരെല്ലാം സ്ത്രീകളോ കുഞ്ഞുങ്ങളോ ആയിരുന്നു. ഈ പോലീസുകാരന്റെ കണ്ണുകളിൽ പതിഞ്ഞുകൊണ്ടിരുന്നതും ഈ പ്രത്യേകത തന്നെ. എന്തേ ഇയാൾക്കു മാത്രം പുരുഷന്മാരെ കിട്ടുന്നില്ല?

എന്നുമാത്രമല്ല, ഓരോരുത്തരെ മുങ്ങിയെടുത്തു കരയിൽ കിടത്തിയ ശേഷം ഏതാനും മിനിട്ടുകൾ ഇയാൾ അപ്രത്യക്ഷമാകുന്നുണ്ടായിരുന്നു! വിളിപ്പാടകലെ ഒരു സ്ത്രീ ഒരു വലിയ കുടത്തിൽ വെള്ളവുമായി നില്ക്കുന്നുണ്ടായിരുന്നു. ചെറുപ്പക്കാരന്റെ യാത്ര അങ്ങോട്ടായിരുന്നു. ഓരോ തവണയും ഇയാൾ ഒരു മഗ് വെള്ളമെടുത്തു മുഖം കഴുകുകയും കുടിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. പലരും ഈ രംഗങ്ങൾ കാണുന്നുമുണ്ടായിരുന്നു. ക്ഷീണം മാറ്റാനാകുമെന്നുള്ള ചിന്തയിൽ ആരും അതത്ര ശ്രദ്ധിച്ചിരുന്നില്ല. പക്ഷേ, കാക്കിരൂപം വിട്ടില്ല! അയാളുടെ ശ്രദ്ധ ചെറുപ്പക്കാരനിൽ തന്നെ കൊളുത്തിക്കിടന്നു.

നോട്ടമിട്ടിരുന്ന പോലീസുകാരൻ ഓടിവന്ന് ഇയാളുടെ കൊങ്ങയ്ക്കു പിടിച്ചു മുറുക്കിയതും ഒന്നിച്ചായിരുന്നു! ജനം ഞെട്ടി! ഈ പോലീസുകാരനു വട്ടാണോ? മനോഗുണ പ്രവൃത്തിയുടെ അവതാരമൂർത്തിയെ അവഹേളിക്കുകയോ?

പക്ഷേ, പെട്ടെന്നു കഥയും കഥാപാത്രങ്ങളും വേഷം മാറി ആടാൻ തുടങ്ങി. സാമൂഹ്യപ്രവർത്തകന്റെ വായിൽ നിന്നും സ്വർണ്ണ അരഞ്ഞാണം പോലീസുകാരൻ പുറത്തെടുത്തു! ജനം വീണ്ടും ഞെട്ടി. ഹീറോ ഒരു നിമിഷം കൊണ്ടു സീറോ ആയി. അയാളെ പോലീസ് കസ്റ്റഡിയിലെടുത്തു. ദുഃഖം തളംകെട്ടി നില്ക്കുന്ന ആ പ്രത്യേക സന്ദർഭത്തിൽ പോലും കയ്യിൽ കിട്ടിയവരെല്ലാം അയാൾക്കു "ഈരണ്ടു" പൊട്ടിച്ചു, അരിശം തീർത്തു.

പോലീസ്, നേരെ പോയതു വെള്ളം കൊടുക്കുന്ന സ്ത്രീയുടെ സമീപത്തേക്കാണ്. എന്തോ പന്തികേടു തോന്നിയ സ്ത്രീ, കുടവുമായി ഓടാൻ തുടങ്ങി. പോലീസ് അവളെയും പിടികൂടി. കുടം പരിശോധിച്ചപ്പോൾ, നിരവധി സ്വർണാ

**ജീവിതകാലം മുഴുവൻ സാമൂഹ്യപ്രവർത്തനവും രാഷ്ട്രീയ പ്രവർത്തനവും രോഗങ്ങളോടുള്ള മല്പിടുത്തവുമായി കഴിഞ്ഞിരുന്ന മേഴ്സി രവിയോടുള്ള നന്ദിസൂചകമായിട്ടാകണം, മരണത്തിന്റെ ചുടുഗന്ധം വിട്ടുമാറുന്നതിനു മുമ്പുതന്നെ അവരുടെ വീട്ടിൽ മോഷണം നടത്തിയതെന്നു വേണമെങ്കിൽ നീചരായ കള്ളന്മാർക്ക് കരുതാവുന്നതേയുള്ളു. എന്തായാലും വളരെ ക്രൂരമായിപ്പോയി. പൈശാചികമായിപ്പോയി. ശവത്തെപ്പോലും മാനിക്കാത്തവർ. ശവംതീനികളായി മാറുന്ന മനുഷ്യക്കോലങ്ങൾ.**

കള്ളനെ ഉപദേശിച്ചു നന്നാക്കാനൊന്നും നോക്കേണ്ട. കള്ളൻ കള്ളൻ തന്നെ. ആരു ഭരിച്ചാലെന്ത്? ആരെ കൊന്നാലെന്ത്? കള്ളനു വേണ്ടതു മുതൽ മാത്രം. അല്ലാതെ, മറ്റു വികാരങ്ങളൊന്നും കള്ളന്റെ നിഘണ്ടുവിലില്ല.

അതിവിടെ നില്ക്കട്ടെ. വർഷങ്ങൾക്കു മുമ്പ്, പെരുമൺ ദുരന്തമുണ്ടായപ്പോൾ, അവിടെ നടന്ന സംഭവവികാസങ്ങൾ പലതും മനുഷ്യകുലത്തെ തന്നെ ലജ്ജിപ്പിക്കുന്നതായിരുന്നു. ഒരു ചെറുപ്പക്കാരൻ വളരെ വേദനയോടെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതു കണ്ടപ്പോൾ പലർക്കും ആശ്വാസം. ഉദ്യോഗസ്ഥർക്കും നാട്ടുകാർക്കുമൊക്കെ അയാളുടെ മനുഷ്യത്വപരമായ പ്രവർത്തനങ്ങളിൽ സംതൃപ്തി. അയാൾ ഓരോ ശവശരീരവും മുങ്ങി പൊക്കികൊണ്ടുവരുന്നതിന്റെ ചിത്രങ്ങൾ പോലും ചില പത്രങ്ങളിൽ അന്ന് അച്ചടിച്ചു വന്നിരുന്നു.

പക്ഷേ, അയാളെപ്പറ്റിയുള്ള ഫോട്ടോയും കുറിപ്പും അച്ചടിച്ച പത്രങ്ങൾ പിറ്റേന്നു രാവിലെ വായനക്കാരുടെ കൈകളിലെത്തുമ്പോഴേക്കും കഥാനായകൻ പോലീസ് ലോക്കപ്പിലായിക്കഴിഞ്ഞിരുന്നു!

ഗുട്ടൻസെന്താണെന്നല്ലേ? ചെറുപ്പക്കാരന്റെ ചുറുചുറുക്കോടെയുള്ള മനോഗുണപ്രവർത്തനങ്ങൾ എല്ലാവരും ശ്ലാഘിക്കുന്നതു കാണുന്നതിനിടയിൽ ഒരു പോലീസുകാരന്റെ കഴുകൻ കണ്ണുകൾ അയാളുടെ മേൽ സദാ വീണുകൊ

ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ, പോലീസുകാരനിൽ ആദ്യം തുടിച്ചുവന്ന സംശയങ്ങൾ ബലപ്പെടുകയായിരുന്നു. ജീവനുള്ളതോ ഇല്ലാത്തതോ ആയ ശരീരങ്ങളിൽ നിന്നും സ്വർണാഭരണങ്ങൾ ഇയാൾ ചൂണ്ടുന്നതു പോലീസുകാരൻ കണ്ടെത്തി. ആരും ശ്രദ്ധിക്കുന്നതായി വില്ലൻ കരുതിയതേയില്ല. എന്നു മാത്രമല്ല, താൻ മറ്റുള്ളവരുടെ മുമ്പിൽ, ഇതിനകം തന്നെ ഹീറോയായിക്കഴിഞ്ഞിരിന്നുവല്ലോ? ഇനിയെന്തു പേടിക്കാൻ?

പക്ഷേ, പോലീസുകാരൻ വിട്ടില്ല. ഇതിനിടയിൽ ഒരു പിഞ്ചുകുഞ്ഞിന്റെ മൃതദേഹം ഇയാൾ പൊക്കിയെടുത്തു. ഉടുപ്പിച്ചിരുന്നതെല്ലാം കുഞ്ഞിന്റെ ശരീരത്തിൽനിന്നും അഴിഞ്ഞു പോയിരുന്നു. കുഞ്ഞിന്റെ അരയിൽ സ്വർണ്ണ അരഞ്ഞാണം! കുഞ്ഞിനെ പൊക്കിയെടുത്ത കശ്മലൻ അതിന്റെ അരയിൽ കിടന്ന പൊന്നരഞ്ഞാണം, കടിച്ചു മുറിച്ചു വായിലാക്കുന്നതു പോലീസുകാരൻ കണ്ടു. അതിനകം തന്നെ, പോലീസുകാരൻ എസ്ഐ ഉൾപ്പെടെ അവിടെ കൂടി നിന്നവരെ വിവരം ധരിപ്പിച്ചിരുന്നു.

ഇതൊന്നുമറിയാതെ "മനുഷ്യസ്നേഹി" വിതുമ്പുന്ന മനസ്സോടെ ചെഞ്ചോരക്കുഞ്ഞിന്റെ ജീവനറ്റ ശരീരം കരയ്ക്കു കൊണ്ടുവന്ന് ആദരവോടെ കിടത്തി. എന്നിട്ടു ദുഃഖം കടിച്ചമർത്തി കുറേ നേരം അതേ നിലയിൽ നിന്നു. എന്നിട്ടു പതിവുപോലെ മുഖം കഴുകാനും വെള്ളം കുടിക്കാനുമായി അയാൾ തിരിഞ്ഞതും, മണിക്കൂറുകളായി

ഭരണങ്ങളും മറ്റും അതിൽ കണ്ടെത്താനായി. ഓരോ തവണയും തട്ടിയെടുക്കുന്ന സ്വർണാഭരണങ്ങൾ ഭാര്യയെ ഏല്പിക്കുന്നതിനു വേണ്ടിയാണ് ഈ 'വെള്ളംകുടി' പരിപാടി അയാൾ നാടകീയമായി അവതരിപ്പിച്ചത്. പക്ഷേ, വിധി അയാളെ വിട്ടില്ല. ക്രൂരനായ അയാൾ തൂക്കപ്പെട്ടു.

കൗതുകമതല്ല. മീൻപിടുത്ത തൊഴിലാളിയായ ചെറുപ്പക്കാരനു നാട്ടിൽ നല്ല പേരുണ്ട്. പക്ഷേ, മുന്തിരങ്ങ കണ്ടപ്പോൾ വന്നുപോയതാണ്. അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ കൈപ്പറ്റിയതോടെ എന്തും ചെയ്യാമെന്നുമുള്ള ചങ്കുറപ്പുമുണ്ടായി. അതാണയാളെ കള്ളനാക്കിയത്, ക്രൂരനാക്കിയത്. പിശാചിനെക്കാൾ വെറുക്കപ്പെട്ടവനാക്കിയത്.

ജീവിതകാലം മുഴുവൻ സാമൂഹ്യപ്രവർത്തനവും രാഷ്ട്രീയ പ്രവർത്തനവും രോഗങ്ങളോടുള്ള മല്പിടുത്തവുമായി കഴിഞ്ഞിരുന്ന മേഴ്സി രവിയോടുള്ള നന്ദിസൂചകമായിട്ടാകണം, മരണത്തിന്റെ ചുടുഗന്ധം വിട്ടുമാറുന്നതിനു മുമ്പുതന്നെ അവരുടെ വീട്ടിൽ ഈ മോഷണം നടത്തിയതെന്നു വേണമെങ്കിൽ നീചരായ കള്ളന്മാർക്ക് കരുതാവുന്നതേയുള്ളു. ഒരാളായിരിക്കില്ല, കള്ളൻ. എത്രയോ പേരാകട്ടെ. എന്തായാലും വളരെ ക്രൂരമായിപ്പോയി. പൈശാചികമായിപ്പോയി. ശവത്തെപ്പോലും മാനിക്കാത്തവർ. ശവംതീനികളായി മാറുന്ന മനുഷ്യക്കോലങ്ങൾ. ■

## അറിയേണ്ടും കാര്യങ്ങൾ

### ചൈന തീരുമാനിച്ചു: 42 അതിവേഗ റെയിൽപാത മൂന്നുവർഷത്തിനുള്ളിൽ

**രാ**ജ്യത്തിന്റെ സമഗ്രവികസനത്തിനും പൊതുവായ വളർച്ചയ്ക്കുമുള്ള സിരകളെന്ന നിലയിൽ അതിവേഗ റെയിൽപ്പാതകളുടെ നിർമാണത്തിനായി കോടിക്കണക്കിന് ഡോളർ ചൈന ചെലവഴിക്കാനൊരുങ്ങുന്നു. അടുത്ത മൂന്നു വർഷത്തിനുള്ളിൽ ഇത്തരം 42 പാതകൾ പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്.



അതിവേഗപാതയിലൂടെയും സാധാരണ പാതയിലൂടെയും സഞ്ചരിക്കുവാൻ കഴിയുന്ന ട്രെയിനുകളാണ് ചൈന ഇനി നിർമിക്കുക. മണിക്കൂറിൽ ശരാശരി 500 കിലോമീറ്ററാണ് അതിവേഗപാതയിലെ ലക്ഷ്യമിടുന്ന വേഗത.

2012 ഓടുകൂടി രാജ്യത്തെ അതിവേഗ റെയിൽപാതയുടെ ആകെ ദൈർഘ്യം 13,000 കിലോമീറ്ററായി ഉയർത്തുകയും തലസ്ഥാനമായ ബെയ്ജിംഗിൽ നിന്നും രാജ്യത്തെ പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിലേക്കുമുള്ള യാത്രാസമയം ഏഴു മണിക്കൂറായി കുറയ്ക്കുകയുമാണ് മറ്റ് ലക്ഷ്യങ്ങൾ. ഇതുവഴി 700 കോടി വാർഷിക ട്രെയിൻ യാത്രക്കാരുടെ യാത്രാസമയത്തിൽ വളരെയധികം കുറവു വരുത്തുവാൻ കഴിയും. ദേശീയ അവധിദിവസങ്ങളിലും മറ്റും വൻതിരക്കാണ് ചൈനയിലെ ട്രെയിനുകളിൽ അനുഭവപ്പെടുന്നത്.

*** *** ***

### തിരക്കുള്ള റോഡുവക്കിലെ ജീവിതം രക്തസമ്മർദം വർധിപ്പിക്കും

**അ**മിത ട്രാഫിക്കും വാഹനങ്ങളുടെ സദാസമയമുള്ള കടന്നുപോക്കും മൂലം ശബ്ദായമാനമായ റോഡുകളോടു ചേർന്നുള്ള താമസ്സം രക്തസമ്മർദം ക്രമാതീതമായി ഉയരുവാൻ വഴിയൊരുക്കുമെന്ന് പഠനറിപ്പോർട്ട്. സ്വീഡനിലെ ലൻഡ് യൂണിവേഴ്സിറ്റിയിലെ ഗവേഷകസംഘമാണ് റിപ്പോർട്ട് തയ്യാറാക്കിയത്. നിരന്തരമുള്ള ശബ്ദത്തിന്റെ അളവ് 60 ഡെസിബെല്ലിന് മേലാണെങ്കിൽ അത് ഹൃദയത്തിന്റെ പ്രവർത്തനത്തെ തന്നെ ബാധിക്കും. പടിഞ്ഞാറൻ യൂറോപ്പിലെ നാലിലൊന്ന് ജനങ്ങൾ ഇന്ന് ഈ അവസ്ഥയിലാണ് കഴിയുന്നത്.



മാനസിക സംഘർഷം, നിദ്രാഭംഗം, ശ്രദ്ധക്കുറവ് തുടങ്ങിയവും അമിത ശബ്ദം മൂലം ഉണ്ടാകുന്നു. ശബ്ദത്തിന്റെ അളവ് 60 ഡെസിബെല്ലാണെങ്കിൽ രക്തസമ്മർദം 25 ശതമാനം ഉയരും. എന്നാൽ 64 ഡെസിബെല്ലിലും അധികമാണെങ്കിൽ രക്തസമ്മർദം 90 ശതമാനം ഉയരുമെന്നും എൻവയോൺമെന്റൽ ഹെൽത്ത് ജേർണലിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു.

എന്നാൽ ഈ റിപ്പോർട്ടിനെ നിസ്സാരവത്കരിച്ചുകൊണ്ടു പല വിദഗ്ധരും രംഗത്തെത്തി. അമിതശബ്ദം ഉയർത്തുന്ന പ്രശ്നങ്ങളെക്കാൾ സങ്കീർണമാണ് പുകവലി, ക്രമം തെറ്റിയും അമിതവുമായ ഭക്ഷണം, ഉറ്റവരിൽ നിന്നും മാറിനില്ക്കുമ്പോഴുള്ള മാനസികസംഘർഷം തുടങ്ങിയവമൂലം ഉണ്ടാകുന്നതെന്നും ബ്രിട്ടനിലെ പൊതുജനാരോഗ്യ വകുപ്പ് തലവൻ പ്രൊഫ. അലൻ മാരിയോൺ ഡേവിസ് പറയുന്നു. ■

CYAN MAGENTA YELLOW BLACK

വിശകലനം

# മോഹൻ ഭഗവതിന്റെ മീശയും ചൈനയും ഇന്ത്യൻ രാഷ്ട്രീയത്തെ സ്വാധീനിക്കുന്നതെങ്ങനെ?

ബോബി കെ. മാത്യു

**വിവാദങ്ങളിലൂടെ ജനശ്രദ്ധ കൊണ്ടുവരിക, പിന്നീട് വ്യക്തിയും പുസ്തകവും കൂടുതൽ പ്രശസ്തിയാർജിക്കുക- ഈ തന്ത്രം ഈ വിവാദത്തിന്റെ പിന്നിലുണ്ട്. ബി.ജെ.പിയുടെ വളർച്ച തന്നെ ഇങ്ങനെയുള്ള വിവാദത്തിന്റെ ചുവടുപിടിച്ചാണ്. ബി.ജെ.പിയുടെ സമുന്നതനായ നേതാവ് എൽ.കെ.അദ്വാനി തന്നെ ഒരിക്കൽ മുഹമ്മദാലി ജിന്നയെ ഏറ്റവും വലിയ മതേതരവാദിയായി ഉയർത്തിക്കാട്ടി. അത് ഒട്ടേറെ വിവാദങ്ങൾക്ക് വഴിതെളിച്ചപ്പോൾ രാഷ്ട്രീയക്കാരന്റെ കൗശലത്തോടെ തന്റെ പ്രസ്താവനയിൽ നിന്ന് അദ്വാനി ഉൾവലിഞ്ഞു.**

**ബി.**ജെ.പി.യുടെ മുതിർന്ന നേതാവും മുൻ കേന്ദ്രമന്ത്രിയും ലോക്സഭാംഗവുമായ ജസ്വന്ത് സിംഗ് ഇപ്പോൾ ബിജെപിയിൽ നിന്ന് പുറത്താക്കപ്പെട്ടിരിക്കുന്നു. ബി.ജെ.പി രൂപീകരിച്ച കാലം മുതൽ ആ പാർട്ടിയുടെ ദേശീയ നേതാവായിരുന്ന ജസ്വന്ത് സിംഗിന് പാർട്ടിയിൽ നിന്ന് പുറത്തേക്കുള്ള വഴിയൊരുങ്ങിയത് ആഗസ്റ്റ് 17ന് പുറത്തുവന്ന 'ജിന്ന- ഇന്ത്യാ വിഭജനം, സ്വാതന്ത്ര്യം' എന്ന പുസ്തകമാണ്. നവഭാരത ശില്പി ജവഹർലാൽ നെഹ്റു, ആദ്യ ആഭ്യന്തരമന്ത്രി സർദാർ വല്ലഭായ് പട്ടേൽ എന്നിവരെ അതിനിശിതമായി വിമർശിക്കുകയും പാകിസ്ഥാൻ രാഷ്ട്രത്തിന് തന്നെ കാരണക്കാരനായ മുഹമ്മദാലി ജിന്നയെ പ്രകീർത്തിക്കുകയും ചെയ്യുന്നതാണ് പുസ്തകത്തിന്റെ കാതൽ.

വിവാദങ്ങളിലൂടെ ജനശ്രദ്ധ കൊണ്ടുവരിക, പിന്നീട് വ്യക്തിയും പുസ്തകവും കൂടുതൽ പ്രശസ്തിയാർജിക്കുക- ഈ തന്ത്രം ഈ വിവാദത്തിന്റെ പിന്നിലുണ്ട്. ബി.ജെ.പിയുടെ വളർച്ച തന്നെ ഇങ്ങനെയുള്ള വിവാദത്തിന്റെ ചുവടുപിടിച്ചാണ്. ബി.ജെ.പിയുടെ



മുഹമ്മദാലി ജിന്ന

സമുന്നതനായ നേതാവ് എൽ.കെ.അദ്വാനി തന്നെ ഒരിക്കൽ മുഹമ്മദാലി ജിന്നയെ ഏറ്റവും വലിയ മതേതരവാദിയായി ഉയർത്തിക്കാട്ടി. അത് ഒട്ടേറെ വിവാദങ്ങൾക്ക് വഴിതെളിച്ചപ്പോൾ രാഷ്ട്രീയക്കാരന്റെ കൗശലത്തോടെ തന്റെ പ്രസ്താവനയിൽ നിന്ന് അദ്വാനി ഉൾവലിഞ്ഞു.

ജസ്വന്ത് സിംഗ് ഇതിനുമുമ്പ് എഴുതിയ 'എ കാൾ ടൂ ഓണർ ഇൻ സർവീസ് ഓഫ്

**രാഷ്ട്രീയമെന്നത് അധികാരം നേടാൻ മാത്രമുള്ള ഉപാധിയല്ലെന്നും കുലീനവും മഹത്തായതുമായ സവിശേഷതകളെ വഹിക്കുന്ന ഭാരതീയ പൈതൃകത്തിന്റെ ഭാഗമാണെന്നുമുള്ള ഗാന്ധിയൻ ചിന്തകളാണ് ഇനിയുള്ള കാലം ഇന്ത്യൻ രാഷ്ട്രീയത്തെ സ്വാധീനിക്കാൻ പോകുന്നത്.**



ജസ്വന്ത് സിംഗ്

എമർജൻസി ഇന്ത്യ' എന്ന പുസ്തകത്തിൽ പ്രധാനമന്ത്രിയായിരുന്ന നരസിംഹറാവുവിന്റെ ഓഫീസിലെ ഒരുദ്യോഗസ്ഥൻ അമേരിക്കയ്ക്ക് ഉന്നതതല രഹസ്യങ്ങൾ ചോർത്തിക്കൊടുത്തിരുന്നുവെന്ന് എഴുതി. പ്രധാനമന്ത്രി മൻമോഹൻസിംഗും കോൺഗ്രസ് പാർട്ടിയും ഉദ്യോഗസ്ഥൻ ആരാണെന്ന് ചോദിച്ചപ്പോൾ മൗനമായിരുന്നു മറുപടി. ബി. ജെ.പിയും ഇടതുകക്ഷികളും ഇതിന്റെ പേരിൽ കോൺഗ്രസിനെ പ്രതിക്കൂട്ടിലാക്കാൻ ശ്രമം പോലും നടത്തി. ഇത്തരം അനാവശ്യ വിവാദങ്ങൾക്ക് തുടക്കം കുറിച്ചവർ പലരും ബി.ജെ.പിയുടെ നേതാക്കളായി.

1984ലെ പൊതുതെരഞ്ഞെടുപ്പിൽ ആർക്കും പിന്നീട് ഭേദിക്കാൻ കഴിയാത്ത റിക്കോർഡ് വിജയമായിരുന്നു, പ്രധാനമന്ത്രിയായി വന്ന രാജീവ്ഗാന്ധി നേടിയത്. ഇന്ത്യൻ ജനത അദ്ദേഹത്തിന് നല്കിയ പിന്തുണ ഹിന്ദുത്വ പാർട്ടികളെയും ഇടതു പാർട്ടികളെയും ഒരു പോലെ നിരാശരാക്കി. അവിടെ നിന്നാണ് 'ഇന്ത്യൻ എക്സ്പ്രസ്' രാജീവ് ഗാന്ധിക്കെതിരെ ബോഫോഴ്സ് കേസ് ഉയർത്തിക്കൊണ്ടുവന്നത്. അതിനു ചുക്കാൻ പിടിച്ചത് എക്സ്പ്രസിന്റെ എഡിറ്ററായിരുന്ന അരുൺ ഷൂരിയായിരുന്നു. ലോക ബാങ്കിന്റെ സാമ്പത്തിക വിഭാഗത്തിൽ ജോലി ചെയ്തിരുന്ന അരുൺ ഷൂരിയാണ് എക്സ്പ്രസിൽ ചേർന്ന് വിവാദങ്ങൾക്ക് തുടക്കം കുറിച്ചത്.



അരുൺ ഷൂരി

പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പരാജയപ്പെട്ടു. വി.പി.സിംഗ് പ്രധാനമന്ത്രിയായി. ഇടതുപാർട്ടികളുടെ പിന്തുണയോടുകൂടി അധികാരത്തിലെത്തിയ കോൺഗ്രസിതര ഗവൺമെണ്ട് അരുൺ ഷൂരിക്ക് പത്മശ്രീ നല്കി ആദരിച്ചപ്പോൾ ബി.ജെ.പി. കേന്ദ്രമന്ത്രി പദം നല്കിയാണ് ബഹുമാനിച്ചത്. കോൺഗ്രസിനെ അപകീർത്തിപ്പെടുത്തുന്ന പുസ്തകങ്ങൾക്കും ലേഖനങ്ങൾക്കും രാഷ്ട്രീയ മാർക്കറ്റിൽ



എൽ.കെ. അദ്വാനി

ഇപ്പോഴും സാധ്യതയുണ്ടെന്ന മിഥ്യാധാരണയാണ് ജവഹർലാൽ നെഹ്റുവിനെയും സർദാർ പട്ടേലിനെയും ഇകഴ്ത്തിയും ജിന്നയെ പുകഴ്ത്തിയും പുസ്തകമെഴുതാൻ ജസ്വന്ത് സിംഗിനെ പ്രേരിപ്പിച്ചത്.

നിർഭാഗ്യവശാൽ ഇന്ത്യൻ ജനത ഇത്തരം കാപട്യങ്ങളെ തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു. നെഹ്റുവിനെ കുറ്റംപറഞ്ഞ ജസ്വന്ത് സിംഗാണ് ഇന്ത്യയുടെ അഭിമാനം വിറ്റുതുലച്ച് തടവിലുണ്ടായിരുന്ന മൂന്ന് ഭീകരൻമാരുമായി അഫ്ഗാനസ്ഥാനിലേക്ക് പോയി ഭീകരന്മാർ തട്ടിക്കൊണ്ടു പോയ വിമാനത്തിലെ യാത്രക്കാരെ മോചിപ്പിച്ചത്. 1999ൽ നടന്ന കാണ്ടഹാർ വിമാനറാഞ്ചൽ സംഭവമെന്ന് വിഖ്യാതമായ ഈ പ്രശ്നം, വേണ്ടവിധം പരിഹരിക്കുന്നതിൽ പരാജയപ്പെടുകയും ഇന്ത്യൻ ജനതയുടെ ദേശീയ വികാരം മൊത്തക്കച്ചവടം നടത്തുകയും ചെയ്ത ബി. ജെ.പിക്ക് ഇപ്പോഴും വലിയ നാണക്കേടുണ്ടാക്കിക്കൊണ്ടിരിക്കുന്നു.

അതിനാലാണ് ഷിംലയിൽ നടന്ന ചിന്തൻ ബൈഠക്ക് തുടങ്ങുന്നതിനു മുമ്പ് ആർ.എസ്.എസ് മേധാവി മോഹൻ ഭഗവതിന്റെ നിർദ്ദേശാനുസരണം ജസ്വന്ത് സിംഗിനെ നോട്ടീസ് പോലും നല്കാതെ പുറത്താക്കിയത്. ഇന്ത്യയുടെ പാരമ്പര്യം പേറുന്ന രാഷ്ട്രീയ പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ് തന്നെയാണെന്നും ആ പാർട്ടിക്കെതിരെ അനാവശ്യമായി സംസാരിച്ചാൽ എന്താണ് സംഭവിക്കുകയെന്നും ഷിംലയിലെ ചിന്തൻ ബൈഠക്കിനു ശേഷം ബിജെപിയുടെ രാഷ്ട്രീയ നിലപാടുകൾ ശ്രദ്ധിച്ചാൽ മനസ്സിലാവും.

പ്രധാനമന്ത്രിയായിരുന്ന മൻമോഹൻസിംഗിനെ വ്യക്തിപരമായി ആക്രമിച്ചതും, നെഹ്റുവിന്റെയും കോൺഗ്രസിന്റെയും പാരമ്പര്യത്തെ മുച്ചൂടും എതിർത്ത വരുൺഗാന്ധിയെ ബിജെപിയുടെ ഭാവി നേതാവായി ഉയർത്തിക്കാണിച്ചതും കോൺഗ്രസിന്റെ മതേതരനയത്തിനെതിരെ ആക്രോശം പൂണ്ട് തെരഞ്ഞെടുപ്പ് പ്രചാരണം നടത്തിയ നരേന്ദ്രമോഡിക്കെതിരെ ഇന്ത്യൻ ജനത തിരിഞ്ഞതുമാണ് യഥാർത്ഥ പരാജയ കാരണമെന്ന് ബിജെപി വിലയിരുത്തിയിരിക്കുന്നു.

രാഷ്ട്രീയമെന്നത് അധികാരം നേടാൻ മാത്രമുള്ള ഉപാധിയല്ലെന്നും കുലീനവും മഹത്തരവുമായ സവിശേഷതകൾ വഹിക്കുന്ന ഭാരതീയ പൈതൃകത്തിന്റെ ഭാഗമാണെന്നുമുള്ള ഗാന്ധിയൻ ചിന്തകളാണ് ഇനിയുള്ള കാലം ഇന്ത്യൻ രാഷ്ട്രീയത്തെ സ്വാധീനിക്കാൻ പോകുന്നത്.



മോഹൻ ഭഗവത്

അല്ലാതെ മതപരമായ ചിന്തകളെ വിലകുറച്ച് രാഷ്ടീയമാക്കി മാറ്റുന്ന ഭൂരിപക്ഷ- ന്യൂനപക്ഷ കക്ഷികൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ പകിടകളിയോ രാഷ്ട്രീയവിപ്ലവത്തിന്റെ പേരും പറഞ്ഞ് ഇന്ത്യയിൽ നിന്നുകൊണ്ട് ചൈനയ്ക്കുവേണ്ടി വിയർപ്പൊഴുക്കുന്ന സിപിഎം പോലുള്ള കക്ഷികളുടെ രാഷ്ട്രീയ വഞ്ചനയോ അല്ല ഇന്ത്യൻ ജനത ആഗ്രഹിക്കുന്നത്.

*വാൽക്കഷണം:* ആർഎസ്എസ് മേധാവി മോഹൻ ഭഗവതിന്റെ മീശയുടെ തുമ്പത്താണ് ബിജെപി രാഷ്ട്രീയമെങ്കിൽ ചൈനയുടെ കീശയ്ക്കുള്ളിലാണു സിപിഎം രാഷ്ട്രീയം. ■

CYAN MAGENTA YELLOW BLACK



കണ്ണിനും കണ്ണാടിക്കും

എസ്. കൃഷ്ണദാസ്

# ഇവർക്കുവേണ്ടി കത്തി മിനുക്കുന്നതാരാണ് ?

ഇരുട്ടിനെ പണയാധാരപ്പെടുത്തുന്ന വെളിച്ചത്തിന്റെ പ്രയോക്താക്കളും, തന്റേടത്തിന്റെ കത്തിമുനയിൽ പ്രതിയോഗിയെ ഒതുക്കിയെടുക്കാൻ മത്സരിക്കുന്ന ഗുണ്ടാസംഘവും ചേർന്നുള്ള പാരസ്പര്യം വൻ നഗരങ്ങളിലെന്നപോലെ നമ്മുടെ നാഗരികതയിലും കടന്നുകൂടിയിരിക്കുന്നു. വ്യവസായനഗരങ്ങൾക്ക് അപരിചിതമല്ലാത്ത കുടിപ്പകയും, സമ്പത്ത് കുത്തിക്കവരാനുള്ള കുറ്റവാസനയും പത്രവാർത്തകളിലൂടെ മാത്രം അറിഞ്ഞിരുന്ന മലയാളി ഇന്നു കണികാണുന്നത് ചോരവാർന്ന് ജീവനറ്റ ജഡങ്ങളാണ്. വഴിയോരങ്ങളിൽ, ഓഫീസുമുറികളിൽ, വിദ്യാലയങ്ങളിൽ എന്തിന് ആരാധനാലയങ്ങളിലും പകയുടെ രക്തസാക്ഷിയുണ്ടാവാൻ വലിയ കസർത്തൊന്നും വേണ്ട!




അല്പം വിധേയത്വമുള്ളവരോട് പോലും നേരിയ നീരസം തോന്നിയാൽ തൊട്ടടുത്ത ജംഗ്ഷനിലിട്ട് അയാളെ തീർക്കുന്ന മൃഗീയത സമീപകാലത്തായി നമ്മുടെ യുവത്വം കൈപ്പിടിയിലൊതുക്കിയ ക്രൗര്യത്തിന്റേതാണ്. അളന്നു കുറിച്ചുള്ള കണക്കുതീർക്കലിൽ ആളുമാറിയുള്ള കൊലപാതകങ്ങളും ചുരുക്കമല്ല. പിന്നിൽ നിന്നും ഇടിച്ചുവീഴ്ത്തിയത് നിയുക്ത ശത്രുവിനെയല്ല; നിരപരാധിയായ സായാഹ്ന സവാരിക്കാരനെയാണെന്ന് തിരിച്ചറിഞ്ഞിട്ടും പശ്ചാത്താപമുണ്ടായില്ല; ആരിൽ നിന്നും. പിന്നല്ലേ കേസന്വേഷണവും വിചാരണയും വിധിതീർപ്പും.

ക്രമസമാധാനത്തെക്കുറിച്ചു എന്നെന്നും വാഴ്ത്തിസ്തുതിച്ചിരുന്ന സംസ്ഥാനത്തിന്റെ അഹംബോധം കഴിഞ്ഞ കുറെ നാളുകളായി ദുർഗുണ പരിഹാരപാഠശാലയിൽ ഇരിപ്പിടം തേടുകയായിരുന്നു. അക്രമങ്ങളുടെ മഞ്ചലിൽ പള്ളികൊള്ളുകയായിരുന്ന അധികാരികളും നിയമപാലകരും ഞെട്ടിയെണീറ്റ് എന്തോ തെരയുകയാണ്. എന്താണീ ഉയിർത്തെണീല്പിനു കാരണം? അതിദാരുണമാം വിധം ഒരു യുവ വ്യവസായിയെ അക്രമി സംഘം നട്ടപ്പാതിരയിൽ നടുറോഡിൽ കുത്തിമലർത്തിയിരിക്കുന്നു. ഭരണവൃത്തങ്ങൾ താലോലിച്ചും നിയമപാലകർ കണ്ണുരുട്ടാതെയും വളർത്തിയ ഗുണ്ടാ സംഘങ്ങൾ പകൽ വെട്ടത്തിലും കായികാഭ്യാസം കാണിക്കുമ്പോൾ ആർക്ക് തടയിടാനാവും?

എവിടെയും അഴിഞ്ഞാടാൻ ലൈസൻസ് നേടിയവർ നടത്തിയ കുഴിപ്പന്തുകളിയാണ് മുത്തൂറ്റ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ പോൾ എം. ജോർജിന്റെ ജീവൻ പിടിച്ചു വാങ്ങിയത്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ നെടുമുടി ജ്യോതി ജംഗ്ഷനിലായിരുന്നു സംഭവം. എറണാകുളം ബാനർജി റോഡിലെ ഓഫീസിൽ നിന്നും പുറപ്പെട്ട പോൾ എം. ജോർജ് നെടുമുടി പഞ്ചായത്തിലെ രണ്ടാം വാർഡിൽ ആളനക്കമില്ലാത്ത തെരുവോരത്ത് കൊലചെയ്യപ്പെട്ട ദുരൂഹ സാഹചര്യം ചുരുളഴിയാത്ത കഥയായി ശേഷിക്കുകയാണ്.

തല്ലിക്കെടുത്തേണ്ടതല്ല ഈ കൊലപാതകമെന്നറിഞ്ഞ സർക്കാർ അന്വേഷണചുമതല ഐ.ജി. വിൻസൻ എം. പോളിന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘത്തിനു കൈമാറി. മണിക്കൂറുകൾക്കകം കുറ്റവാളികളെ കണ്ടെത്താൻ അവർക്കു കഴിഞ്ഞു! അന്വേഷണത്തിന്റെ കൈവഴികൾക്കും, കുറ്റവാളികളെ കണ്ടെത്തിയതിലും വല്ലാത്തൊരു ചാരുത കൈവന്നതോടെ മാധ്യമങ്ങളുടെ സംശയവും വർധിച്ചു. രൺജി പണിക്കർ തിരക്കഥയെഴുതി, ഷാജി കൈലാസ് സംവിധാനം ചെയ്ത ചിത്രം, അല്ലെങ്കിൽ എസ്.എൻ. സ്വാമിയും എം. മധുവും ചേർന്ന് രൂപപ്പെടുത്തിയ ക്രൈംത്രില്ലർ - അതായിരുന്നില്ല അന്വേഷണോദ്യോഗസ്ഥരിൽ നിന്നും ജനങ്ങൾ പ്രതീക്ഷിച്ചത്. നാടകീയ മുഹൂർത്തങ്ങളിലൂടെ പ്രത്യക്ഷപ്പെട്ട കുറ്റവാളികളും, അവരിൽ നിന്നും ശേഖരിച്ച അനുഭവസാക്ഷ്യങ്ങളും അനുബന്ധകഥകളും സസ്പെൻസുകൾ സൃഷ്ടിക്കാൻ പോരുന്നവയല്ലെന്ന് അറിഞ്ഞുകൂടാത്തവരല്ല പോലിസുദ്യോഗസ്ഥർ. അല്പമെങ്കിലും അധികാരരാഷ്ട്രീയ യാഥാർത്ഥ്യങ്ങളെ അന്ധകാരത്തിലൊളിപ്പിച്ച് ഭാവനയെ ഉത്തേജിപ്പിച്ചപ്പോൾ പഴിയേറ്റതും മറ്റാർക്കുമായിരുന്നില്ലല്ലോ?

കേരളത്തിൽ ഏതു കുറ്റകൃത്യമുണ്ടായാലും ആഭ്യന്തരമന്ത്രിയുമായി ബന്ധമുണ്ടെന്ന മട്ടിൽ വിവരങ്ങൾ പുറത്തുവരുന്നുവെന്നും ഗുണ്ടകളുടെ ആഭ്യന്തരമന്ത്രിയാണ് കേരളം ഭരിക്കുന്നതെന്നുമുള്ള ആരോപണങ്ങൾ ഇടതുപക്ഷം തുടരുന്ന അപഥസഞ്ചാരത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. സമർത്ഥരായ പോലീസും ഗുണ്ടാനിയമവുമുള്ള സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങൾ അനായാസം വിഹരിക്കുന്നതിൽ കേരളജനത അത്ഭുതപ്പെടുന്നു, ഒപ്പം മനസ്സും ശരീരവും വിറങ്ങലിക്കുകയും ചെയ്യുന്നു.

>> 8

**കേരളത്തിൽ ഏതു കുറ്റകൃത്യമുണ്ടായാലും ആഭ്യന്തരമന്ത്രിയുമായി ബന്ധമുണ്ടെന്ന മട്ടിൽ വിവരങ്ങൾ പുറത്തുവരുന്നുവെന്നും ഗുണ്ടകളുടെ ആഭ്യന്തരമന്ത്രിയാണ് കേരളം ഭരിക്കുന്നതെന്നുമുള്ള ആരോപണങ്ങൾ ഇടതുപക്ഷം തുടരുന്ന അപഥസഞ്ചാരത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. സമർത്ഥരായ പോലീസും ഗുണ്ടാനിയമവുമുള്ള സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങൾ അനായാസം വിഹരിക്കുന്നതിൽ കേരളജനത അത്ഭുതപ്പെടുന്നു, ഒപ്പം മനസ്സും ശരീരവും വിറങ്ങലിക്കുകയും ചെയ്യുന്നു.**

## അറിയേണ്ടും കാര്യങ്ങൾ

### കടൽ നിരപ്പുയരുന്നു

### ബംഗ്ലാദേശിൽ രണ്ടു കോടി ജനങ്ങൾക്ക് ഭീഷണിയെന്ന് പഠന റിപ്പോർട്ട്

കടൽ നിരപ്പ് ക്രമേണ ഉയരുന്നത് ബംഗ്ലാദേശിലെ താഴ്ന്ന പ്രദേശങ്ങളിലേക്ക് ഉപ്പുവെള്ളം കയറുന്നതിന് ഇടയാക്കുമെന്നും ഇത് രണ്ടുകോടിയിലധികം ജനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നും പഠനറിപ്പോർട്ട്. അരി ഉൾപ്പെടെയുള്ള രാജ്യത്തെ ഭക്ഷ്യോത്പാദനം പകുതികണ്ട് കുറയുന്നതിനും ഇത് വഴിവെക്കുമെന്നും റിപ്പോർട്ട് മുന്നറിയിപ്പു നല്കുന്നു.



ബംഗ്ലാദേശിലെ സെന്റർ ഫോർ എൻവയോൺമെന്റൽ ആന്റ് ജോഗ്രഫിക് ഇൻഫർമേഷൻ സർവീസസാണ് പഠനം നടത്തിയത്. ഓരോ വർഷവും അഞ്ചു മില്ലിമീറ്ററോളമാണ് കടൽ നിരപ്പുയരുന്നത്. കഴിഞ്ഞ മുപ്പതുവർഷമായി ഇത് അനുക്രമം തുടർന്നു വരുന്നു. രാജ്യത്തെ പതിനൊന്ന് നിരീക്ഷണകേന്ദ്രങ്ങളിലെ കണക്കുകൾ ഇത് സാക്ഷ്യപ്പെടുത്തുന്നു.

കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ രൂക്ഷമായിരിക്കുന്ന ബംഗ്ലാദേശിൽ, അവ ഉയർത്തുന്ന ഭീഷണികളെ പ്രതിരോധിക്കുവാനായി സർക്കാർ 5 ബില്യൺ ഡോളറിന്റെ അന്താരാഷ്ട്ര സഹായമാണ് അഭ്യർത്ഥിച്ചിരിക്കുന്നത്. കഴിഞ്ഞ മെയിൽ ഉണ്ടായ ഐലാ ചുഴലികൊടുങ്കാറ്റിൽ ആയിരക്കണക്കിന് വീടുകൾ തകരുകയും അനേകംപേർ കൊല്ലപ്പെടുകയും ഉണ്ടായി. ഈ ദുരന്തത്തിന്റെ പുനരധിവാസ പ്രവർത്തനങ്ങൾ സാമ്പത്തിക പ്രതിസന്ധി മൂലം താറുമാറായിരിക്കുന്ന അവസരത്തിലാണ് ആശങ്കാജനകമായ പുതിയ റിപ്പോർട്ട് വെളിയിൽ വന്നിരിക്കുന്നത്.

*** *** ***

### സൈനികരുടെ ആത്മഹത്യ

### കാരണങ്ങളും പ്രതിവിധികളും തേടി യുഎസ് അന്വേഷണം

യു.എസ്. സായുധസേനാംഗങ്ങളുടെ ആത്മഹത്യാനിരക്ക് സർവകാല റെക്കോർഡിലെത്തിയിരിക്കെ അതിന്റെ കാരണങ്ങളും പ്രതിവിധികളും തേടി ഗവൺമെന്റ് അന്വേഷണത്തിനുത്തരവിട്ടു. ഈ വർഷം മാത്രം നൂറിലധികം സൈനിക ആത്മഹത്യകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. 2001ന് ശേഷം യു.എസ്. സൈനികരുടെ ആത്മഹത്യാ നിരക്ക് രണ്ടിരട്ടി വർധിച്ചിരിക്കുന്നു. അതിനുമുമ്പ് സൈനിക ആത്മഹത്യാനിരക്ക് സിവിലിയൻ ആത്മഹത്യാനിരക്കിന്റെ പകുതിയിൽ താഴെ മാത്രമായിരുന്നു.



യുദ്ധാന്തരീക്ഷത്തിലുള്ള മാനസിക സംഘർഷങ്ങൾ, കഠിനമായ പരിശീലനം, ദീർഘകാലം കുടുംബാംഗങ്ങളിൽ നിന്നും അകന്നുമാറിയുള്ള ജീവിതം എന്നിവയാണ് ആത്മഹത്യയ്ക്ക് സൈനികരെ പ്രേരിപ്പിക്കുന്നതെന്നാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് നടത്തിയ പ്രാഥമിക പഠനം വ്യക്തമാക്കുന്നത്. സൈന്യത്തിലേക്കുള്ള റിക്രൂട്ട്മെന്റ് നടപടിക്രമങ്ങളിൽ മാനസികാരോഗ്യത്തിന്റെ വിലയിരുത്തൽ കൂടുതൽ കർശനമാക്കണമെന്നതാണ് ഈ അവസരത്തിൽ ഉയർന്നുവന്നിരിക്കുന്ന പ്രധാന നിർദേശം. സാധാരണഗതിയിലുള്ള ഇന്റർവ്യൂ കൂടാതെ അപേക്ഷകരുടെ ഉമിനീർ, രക്തം എന്നിവ കൂടി ശാസ്ത്രീയ പരിശോധനകൾക്ക് വിധേയമാക്കി അവരുടെ മാനസികാരോഗ്യം ഉറപ്പാക്കണമെന്നും വിദഗ്ധർ അഭിപ്രായപ്പെടുന്നു. ■

CYAN MAGENTA YELLOW BLACK

## എൻട്രൻസ് പരീക്ഷ ഇല്ലാതാക്കാനുള്ള നീക്കം ഉന്നതവിദ്യാഭ്യാസമേഖലയെ തകർക്കും

### കെ.എസ്.സി (എം)

എൻജിനീയറിംഗ് പ്രവേശനത്തിന് എൻട്രൻസ് പരീക്ഷ ഇല്ലാതാക്കാനുള്ള വിദ്യാഭ്യാസമന്ത്രിയുടെ നീക്കം കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖലയുടെ കാര്യക്ഷമത തകർക്കുകയും പൂർണമായും കച്ചവടവത്കരിക്കുകയും ചെയ്യുമെന്ന് കെ.എസ്.സി (എം) ആറന്മുള നിയോജകമണ്ഡലം കമ്മിറ്റി ആരോപിച്ചു.

മൂന്നുവർഷക്കാലം കൊണ്ട് വിദ്യാഭ്യാസ മേഖലയെ മുച്ചൂടും തകർത്ത സിപിഎം നേതൃത്വം വിദ്യാഭ്യാസ കച്ചവടലോബിയുമായി ഉണ്ടാക്കിയ ഗൂഢാലോചനയുടെ ഭാഗമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന വികലമായ നീക്കങ്ങൾ. രണ്ടു സ്വാശ്രയകോളജുകൾ സമം ഒരു സർക്കാർ കോളജ് എന്ന മാതൃകാപരവും സാമൂഹികനീതി ഉയർത്തിപ്പിടിക്കുന്നതുമായ യുഡിഎഫിന്റെ വിദ്യാഭ്യാസ നയത്തെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചും അക്രമങ്ങൾ അഴിച്ചുവിട്ടും തകർക്കുവാൻ ശ്രമിച്ചവർ ഭരണത്തിലേറിയപ്പോൾ ഭരണഘടന ഉറപ്പു നല്കുന്ന വിദ്യാർത്ഥികളുടെ അവകാശങ്ങളെയും സാമൂഹ്യനീതിയെയും ചവിട്ടിമെതിച്ചു കൊണ്ടുള്ള നടപടികളാണ് തുടരെ സ്വീകരിച്ചു വരുന്നത്. ഇത് ഉന്നതവിദ്യാഭ്യാസം ആഗ്രഹിക്കുന്ന ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ അന്യസംസ്ഥാനങ്ങളിലേക്ക് പോയി അവിടത്തെ വിദ്യാഭ്യാസ ലോബിയുടെ സാമ്പത്തിക ചൂഷണങ്ങൾക്ക് വിധേയരാകുവാൻ നിർബന്ധിതരാക്കിയിരിക്കുന്നു.

ഉന്നതവിദ്യാഭ്യാസമേഖലയെ കച്ചവടക്കാർക്ക് തീറെഴുതുവാനുള്ള നീക്കങ്ങളിൽ നിന്നും വിദ്യാഭ്യാസ വകുപ്പും വിദ്യാഭ്യാസ മന്ത്രിയും പിന്മാറണം. നഴ്സിംഗ്, എൻജിനീയറിംഗ്, മെഡിക്കൽ അടക്കമുള്ള ബിരുദധാരികൾക്ക് ഉന്നത വിദ്യാഭ്യാസം നടത്തുവാനുള്ള സ്ഥാപനങ്ങളും സൗകര്യങ്ങളും സംസ്ഥാനത്ത് ഒരുക്കണമെന്നും കെ.എസ്.സി (എം) ആവശ്യപ്പെട്ടു.



*കെ.എസ്.സി.(എം) ആറന്മുള നിയോജകമണ്ഡലം കമ്മിറ്റി യോഗം സംസ്ഥാന വൈസ് പ്രസിഡണ്ട് ബോബി കാക്കാനപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു. ഷിബു സി. സാം, വി.ആർ. രാജേഷ്, തോമസ് ജോർജ്, അലക്സ് ബി. മാത്യു, അഡ്വ. ബിജോയ് തോമസ്, തോമസ് ജോർജ്, സ്കോട്ട് സ്ലീബ, ബെൻസൺ ബാബു, അഖിൽ സി. നായർ, ഇ.കെ. ചെല്ലപ്പൻ എന്നിവർ സമീപം.*

## രാഷ്ട്രീയ പ്രവർത്തനം ജനസേവനത്തിനുതകണം

### അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ.എ



*കേരളാ കോൺഗ്രസ് (എം) ഇരിങ്ങാലക്കുട നിയോജകമണ്ഡലം പഠനക്യാമ്പ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. നിയോജകമണ്ഡലം പ്രസിഡണ്ട് റോക്കി ആളൂക്കാരൻ, തൃശൂർ ജില്ലാ സെക്രട്ടറി ടി.കെ. വർഗീസ് മാസ്റ്റർ, നിയോജകമണ്ഡലം ട്രഷറർ പി.ടി. ജോർജ് എന്നിവർ സമീപം.*

ജനാധിപത്യ സംവിധാനത്തിൽ രാഷ്ട്രീയ പ്രവർത്തനം ജനസേവനത്തിനുതകുന്നതും ജനതാത്പര്യത്തെ മുൻനിർത്തിയുള്ളതുമായിരിക്കണമെന്ന് കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി തോമസ് ഉണ്ണിയാടൻ എംഎൽഎ പറഞ്ഞു.

കേരളാ കോൺഗ്രസ് (എം) ഇരിങ്ങാലക്കുട നിയോജകമണ്ഡലം പഠനക്യാമ്പ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജനാധിപത്യ മൂല്യങ്ങളുടെയും ഇന്ത്യൻ ഭരണഘടന ജനങ്ങൾക്ക് ഉറപ്പു നല്കുന്ന അവകാശങ്ങളുടെയും സംരക്ഷകരാകേണ്ടവരാണ് യഥാർത്ഥ പൊതുപ്രവർത്തകർ. എന്നാൽ ഇതിന് കടകവിരുദ്ധമായ അവസ്ഥയാണ് സംസ്ഥാനത്തെ ഭരണത്തിന് നേതൃത്വം നല്കുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ സ്വന്തം നാട് എന്നതുപോലെ തന്നെ സമാധാനത്തിന്റെ നാട് എന്ന ഖ്യാതി കൂടിയുണ്ടായിരുന്ന നമ്മുടെ കേരളം ഇന്ന് മാഫിയ സംഘങ്ങളുടെയും ക്വട്ടേഷൻ സംഘങ്ങളുടെയും ആയുധങ്ങൾക്ക് മുന്നിൽ പകച്ചു നില്ക്കുകയാണ്. ഇത് കേരളത്തിന്റെ പ്രബുദ്ധതയ്ക്കു മേൽ കരിനിഴൽ വീഴ്ത്തിയിരിക്കുകയാണ്. സംസ്ഥാന മന്ത്രിസഭയിലെ ഏറ്റവും പ്രാധാന്യമുള്ള വകുപ്പായ ആഭ്യന്തരവകുപ്പ് കൈയാളുന്ന കോടിയേരി ബാലകൃഷ്ണനെതിരെ കേരളത്തിന്റെ ചരിത്രത്തിൽ ഒരു ആഭ്യന്തരമന്ത്രിക്കും നേരിടേണ്ടി വന്നിട്ടില്ലാത്തത്ര ആരോപണങ്ങളാണ് ഉയർന്നു വന്നുകൊണ്ടിരിക്കുന്നത്.

കേരളത്തെ ഈ പ്രക്ഷുബ്ധമായ അവസ്ഥയിൽ നിന്ന് രക്ഷിക്കുന്നതിനുവേണ്ടി എല്ലാവിധത്തിലുള്ള അതിർവരമ്പുകൾക്കും അതീതമായി യുവസമൂഹവും സാമാന്യജനങ്ങളും മുന്നോട്ടു വരണമെന്നും തോമസ് ഉണ്ണിയാടൻ എം.എൽ.എ ആവശ്യപ്പെട്ടു.

കേരളാ കോൺഗ്രസ് (എം) നിയോജകമണ്ഡലം പ്രസിഡണ്ട് റോക്കി ആളൂക്കാരൻ അധ്യക്ഷത വഹിച്ചു. തൃശൂർ ജില്ലാ ജനറൽ സെക്രട്ടറി ടി.കെ. വർഗീസ് മാസ്റ്റർ, വനിതാ കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ട് സി.യു. മേഴ്സി ടീച്ചർ, പി.ടി. ജോർജ്, പി.വി. ഔസേപ്പ്, സിജോയി തോമസ്, സി.സി. ഡേവിസ്, ഇ.വി. ആന്റോ, ടോം ജോസ് അഞ്ചേരി, കെ. സതീശൻ, വിനയൻ മാസ്റ്റർ എന്നിവർ പ്രസംഗിച്ചു.

7 >>

## ഇവർക്കുവേണ്ടി കത്തി മിനുക്കുന്നതാരാണ് ?

സംസ്ഥാനത്താകെയും, തിരുവനന്തപുരത്ത് പ്രത്യേകിച്ചും എസ്എഫ്ഐ ഏകാധിപത്യമുറപ്പിക്കാൻ ഗുണ്ടാസംഘങ്ങളെ ഏർപ്പാടാക്കാറുണ്ട്. സിപിഎം അനുമതിയോടെ ഇതിനുള്ള പ്രത്യുപകാരം ഗുണ്ടാസംഘങ്ങൾക്ക് ആഭ്യന്തരവകുപ്പിൽ നിന്നും വേണ്ടുവോളം ലഭിക്കുന്നുമുണ്ട്.

നിയമവിരുദ്ധമായിരുന്നിട്ടും മൃഗീയമായ റാഗിങ്ങ് ആഘോഷപൂർവം കലാലയങ്ങളിൽ കൊണ്ടാടുന്നതാരാണ്? പ്രത്യയശാസ്ത്രത്തെ അതിന്റെ ഭൂപരിധിക്കുള്ളിൽ ആരാധിച്ച്, രാഷ്ട്രീയമോതുന്നവർ കൗമാരത്തെപ്പോലും തല്ലിച്ചതച്ച് കെട്ടിയേല്പിക്കുന്നതിനോളം മൗഢ്യം മറ്റെന്തുണ്ട്? അധോലോകസംഘത്തിന്റെ ആചാരാനുഷ്ഠാനങ്ങളോട് സന്ധിചെയ്യുന്ന ഭരണാധികാരികൾക്ക് പ്രതികരണശേഷി നഷ്ടപ്പെടുമ്പോൾ വിളവെടുപ്പു നടത്തി പിൻവാങ്ങിയവർ ഒരുങ്ങിയിറങ്ങുകയാണ് മറ്റൊരു വിളയാട്ടത്തിന്.

സാമാന്യബുദ്ധിക്കു നിരക്കുന്ന പ്രവൃത്തികളിലൂടെ അനുമോദനമേറ്റു വാങ്ങേണ്ടവർ ആവലാതികളെ വരവേല്ക്കുകയാണിപ്പോൾ. നെടുമുടിയിൽ നിന്നും ചവറയിലെത്തിയ ആൾപ്പേരില്ലാത്ത മുൻഭാഗം ഇടിച്ചുപരന്ന വാഹനത്തിലെ ചോരപ്പാട് പോലീസിനു കാണാൻ കഴിഞ്ഞില്ല. വാഹനം കൊണ്ടുപോകാൻ വന്ന മൂവർസംഘത്തിന്റെ ഊരുംപേരും അന്വേഷിക്കാൻ മറന്നവരാണ് വാഹനം ചാക്കിട്ടുമൂടാൻ തിടുക്കം കാണിച്ചതും. മേലാവിൽ നിന്നു ലഭിച്ച നിർദേശത്തിനനുസരിച്ച് ആലസ്യത്തിലാവുകയായിരുന്നു ചവറയിലെ പോലിസുദ്യോഗസ്ഥർ. ഇതെല്ലാം സ്വഭാവിക വീഴ്ചയെന്ന് വിധിക്കുന്നവരും ആശ്വസിക്കുന്നവരും പിന്നീട് ഞെട്ടിയേക്കാം; അത്രയ്ക്ക് തീവ്രമായ തിരക്കഥയ്ക്കൊത്ത് ഒരു ഡിപ്പാർട്ടുമെന്റാകെ ഉണർന്നു പ്രവർത്തിച്ചതിൽ!

> **യുഡിഎഫ് സർക്കാർ കൊണ്ടുവന്ന ഗുണ്ടാനിയമം വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങളോടെ അഴിച്ചുപണിതത് ഇടതുപക്ഷ സർക്കാരാണ്. ഇതിന്റെ മറവിൽ അറസ്റ്റു ചെയ്യപ്പെട്ടവർ അപ്പീൽ നല്കി പുറത്തുവന്നെങ്കിൽ ആശാവഹമായ അനുബന്ധമായിരിക്കണം ഇടതുപക്ഷം നിബന്ധിച്ചതും. വിരലിലെണ്ണാൻ പോലുമുള്ള ഗുണ്ടകൾ സംസ്ഥാനത്തില്ലെന്ന് കണ്ടെത്തിയതും ഇടതുപക്ഷസർക്കാരാണ്. അവരുടെ മൂക്കിനു താഴെയാണ് ഗുണ്ടകളുടെ വിശ്രമസങ്കേതം.**

യുഡിഎഫ് സർക്കാർ കൊണ്ടുവന്ന ഗുണ്ടാ നിയമം വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങളോടെ അഴിച്ചുപണിതത് ഇടതുപക്ഷ സർക്കാരാണ്. ഇതിന്റെ മറവിൽ അറസ്റ്റു ചെയ്യപ്പെട്ടവർ അപ്പീൽ നല്കി പുറത്തുവന്നെങ്കിൽ ആശാവഹമായ അനുബന്ധമായിരിക്കണം ഇടതുപക്ഷം നിബന്ധിച്ചതും. വിരലിലെണ്ണാൻ പോലുമുള്ള ഗുണ്ടകൾ സംസ്ഥാനത്തില്ലെന്ന് കണ്ടെത്തിയതും ഇടതുപക്ഷസർക്കാരാണ്. അവരുടെ മൂക്കിനു താഴെയാണ് ഗുണ്ടകളുടെ വിശ്രമസങ്കേതം. വിരുന്നുകളും വിനോദയാത്രയുമായി സംസ്ഥാനത്ത് തലങ്ങും വിലങ്ങും യാത്ര ചെയ്യുന്നവർക്കായി ആതിഥേയരുടെ നീണ്ടനിരയുണ്ട്. അങ്ങനെ സത്കാരങ്ങളുടെ അർധരാത്രികളിൽ ലക്കുകെട്ട് തലകൊയ്യാനിറങ്ങുന്ന കാലാൾപ്പടകൾ സൃഷ്ടിക്കുന്ന സാമ്രാജ്യത്വത്തിന്റെ അധിപന്മാരല്ലേ സംസ്ഥാനത്തിന്റെ സുസ്ഥിരതയും സമാധാനവും തകർക്കുന്നത്?

കുറ്റാന്വേഷകന്റെ മൃഗീയഭാവന അനുവാചകനോട് തെല്ലും കൂറുകാണിക്കാതെ പൈങ്കിളിശീലിലേക്ക് നിലംപൊത്തി സംഘർഷരഹിതമായ മെലോഡ്രാമയായിരിക്കുന്നു; ഒരു യുവാവിന്റെ കൊലപാതകത്തെ പൈശാചിക ഉപമാനങ്ങൾ കൊരുത്ത് അധ്യായം ചുരുക്കിയവർ കുത്തിത്തിരിപ്പിന്റെ ഗഹ്വരത്തിലിട്ടല്ലേ കുറ്റവാളിയെ സൃഷ്ടിച്ചത്? മദ്യലഹരിയിൽ കഠാര കുത്തിയിറക്കിയത് താനാണെന്ന് കാരി സതീഷ് സമ്മതിച്ചാലും, അയാളുടെ മാതാവ് വിലാസിനി മാറ്റിമറിച്ചിരിക്കുന്നു കഥാസാരം. പതിനഞ്ചുലക്ഷത്തിന്റെ റോയൽറ്റി വാങ്ങി പ്രതിനായകൻ കീഴടങ്ങിയതിലാണ് ആ അമ്മയുടെ അമർഷം. ഈ ആശ്വാസധനത്തിന്റെ അടച്ചുപൂട്ടിയ സ്യൂട്ട്കേസ് വാങ്ങി മാധ്യമസംഘത്തെ അഭിമുഖികരീച്ച ഇരുപത്തിനാലുകാരന്റെ ചങ്കൂറ്റത്തിലൂന്നി തത്കാലം ഞെളിഞ്ഞുനിന്ന് നെടുവീർപ്പിടാം പോലീസ് സേനയ്ക്ക്.

സന്ധിസംഭാഷണത്തിനെത്തുന്ന ദൂതന്മാരുടെ മിടുക്കിലാണല്ലോ കുറ്റകൃത്യങ്ങളുടെ കർമാധിപന്മാർ പുനർജനിക്കുന്നതും, കീഴ്പ്പെടുന്നതും. ഠാണാവിലൊതുങ്ങേണ്ട (ഒടുങ്ങേണ്ട) നക്ഷത്രകിന്നരന്മാർ കൊട്ടാരമുറ്റങ്ങളിൽ ആർത്തുല്ലസിക്കുമ്പോൾ അവർക്കായി ആരോ കത്തിമിനുക്കിക്കൊടുക്കുന്നുണ്ട്. വർത്തമാനകാലത്തിന്റെ നാണക്കേടുകളാവാൻ ജന്മമെടുത്തവർക്ക് ഇതൊക്കെയല്ലേ ഒരാശ്വാസവും തണലും. ■

CYAN MAGENTA YELLOW BLACK

കാലികം

അഡ്വ. ചാർളി പോൾ
എം.എ. എൽ.എൽ.ബി, ഡി.എസ്.എസ്

# അധ്യാപനത്തിന്റെ ആത്മശോഭ

ഇന്ത്യയുടെ മുൻരാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്റ്റംബർ 5 അധ്യാപകദിനമായി 1961 മുതൽ ഭാരതമൊട്ടാകെ ആചരിച്ചു പോരുന്നു.

ഏറ്റവും ശ്രേഷ്ഠമായ വിളി സ്വീകരിച്ചവരാണ് അധ്യാപകർ. അധ്യാപകർ ദൈവിക വെളിച്ചം പകർന്നു നല്കുന്നവരാണ്. സമൂഹത്തിനുള്ള ഈശ്വരന്റെ വരദാനമാണ് അധ്യാപകർ. "മാതാപിതാ ഗുരു ദൈവം" എന്നാണ് ഭാരതീയ ദർശനം. മാതാവിനോടും പിതാവിനോടുമൊപ്പം അധ്യാപകനെയും ദൈവതുല്യരായിട്ടാണ് കണക്കാക്കുന്നത്. ഏറ്റവും ശ്രേഷ്ഠവും മഹനീയവുമായ ശുശ്രൂഷയായി അധ്യാപനത്തെ എല്ലാവരും കാണുന്നു.

ഏറ്റവും വികസിത രാജ്യം പോലും അധ്യാപകനെ "ഫെസിലിറ്റേറ്റർ" എന്നും "നോളജ് ഡിസ്പെൻസർ" എന്നും വിളിക്കുമ്പോൾ ഇവിടെ നാം 'ഗുരു' എന്നും 'ആചാര്യൻ' എന്നുമാണ് വിളിക്കുന്നത്. "ആചാര്യ ദേവോ ഭവ:' എന്നാണ് ആപ്തവാക്യം. ആചാര്യൻ ദൈവതുല്യനാണ്.

ഒരു രാഷ്ട്രത്തിന്റെ സാമ്പത്തിക-ബൗദ്ധിക-കായിക-സാംസ്കാരിക മുന്നേറ്റത്തിന് നിദാനം അവിടത്തെ അധ്യാപക സമൂഹമാണ്. സമൂഹം കല്പിച്ചു നല്കിയ ഉത്തരവാദിത്വവും സ്ഥാനവും ഒരു വിലയിരുത്തലിന് വിധേയമാക്കേണ്ട അവസരമാണ് അധ്യാപക ദിനം.

ജവഹർലാൽ നെഹ്റു അധ്യാപകരെ "The Social Engineer" (സമൂഹ ശില്പി) എന്നാണ് വിശേഷിപ്പിച്ചിരുന്നത്. മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം അധ്യാപകരെപ്പറ്റി പറയുന്നത് "The Sower of goodness in human mind"(മനുഷ്യമനസ്സിൽ നന്മയുടെ വിത്തു പാകുന്നവർ) എന്നാണ്. അധ്യാപകന്റെ വിളിയെ മഹത്വവത്കരിക്കുന്ന ദർശനമാണിത്.

"ഗുരു" എന്ന വാക്കിന് "ഇരുളകറ്റുന്നവൻ" എന്നാണർത്ഥം. വിദ്യാർത്ഥികളുടെ മനസ്സിലെ അജ്ഞതയാകുന്ന ഇരുളിനെ മാറ്റി വിജ്ഞാനവും വിവേകവും വളർത്തി ബുദ്ധിയും ഹൃദയവും വികസിപ്പിച്ച് മനുഷ്യനെ രൂപപ്പെടുത്തുക എന്ന ധർമ്മമാണ് അധ്യാപകൻ നിർവഹിക്കുന്നത്.

" Educare" എന്ന ലത്തീൻ പദത്തിൽ നിന്നുമാണ് Education എന്ന വാക്ക് ഉത്ഭവിച്ചത്. "പുറത്തെടുക്കുക; "വലിച്ചെടുക്കുക" എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. ഒരു വിദ്യാർത്ഥിയിൽ അന്തർലീനമായിട്ടുള്ള നന്മകളെ പുറത്തെടുത്ത് ചെത്തിമിനുക്കി ഉത്തമ പൗരനായി വാർത്തെടുക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

ദേശീയ വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനായിരുന്ന ഡി.എസ്. കോത്താരി 1966ൽ തയ്യാറാക്കിയ റിപ്പോർട്ടിന്റെ തുടക്കം ഇങ്ങനെയായിരുന്നു. "ഒരു രാജ്യത്തിന്റെ ഭാവിഭാഗധേയം നിർണയിക്കപ്പെടുന്നത്. ക്ലാസ് മുറികളിലൂടെയാണ്". അത്ര കരുതലോടെ നിർവഹിക്കപ്പെടേണ്ടതാണ് അധ്യാപനം.

സ്വാമി വിവേകാനന്ദന്റെ വാക്കുകളിൽ മനുഷ്യനെ മനുഷ്യനാക്കലാണ് വിദ്യാഭ്യാസം. കാട്ടുമനുഷ്യനെ നാട്ടുമനുഷ്യനാക്കുകയാണ് വിദ്യാഭ്യാസ ലക്ഷ്യം. മനുഷ്യനിലെ മൃഗത്വത്തെ അമർച്ച ചെയ്ത് അവനിലെ മനുഷ്യത്വത്തെ വളർത്തുന്ന പ്രക്രിയയുമാണത്.

ഐക്യരാഷ്ട്രസംഘടനയുടെ ഏജൻസിയായ യുനെസ്കോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെ സേവനത്തിന്റെ നാല് നെടുംതൂണുകളായി അവതരിപ്പിക്കുന്നു. 1. അറിയുവാൻ പഠിക്കുക. 2. ചെയ്യുവാൻ പഠിക്കുക. 3. താനാകുവാൻ പഠിക്കുക. 4. സഹവസിക്കുന്നതിന് പഠിക്കുക. സമഗ്രതയാർന്ന വ്യക്തിത്വത്തിന്റെ വികസനമാണ് വിദ്യാഭ്യാസത്തിലൂടെ കരഗതമാകേണ്ടത്.

അധ്യാപനം സ്നേഹത്തിന്റെ പ്രകാശനമാകണം. സ്നേഹവും സഹാനുഭൂതിയുമാണ് അധ്യാപകനു വേണ്ട പ്രഥമഗുണം. കുട്ടികളെ പ്രചോദിപ്പിക്കുക. മോട്ടിവേറ്റ് ചെയ്യുക, അവരെ ആകർഷിക്കുക, ആശ്ചര്യപ്പെടുത്തുക, പുതുമ മങ്ങാതെ പഠിപ്പിക്കുക, മാർഗദർശനം നടത്തുക, ദിശാബോധം പകരുക - ഇതാണ് അധ്യാപനത്തിൽ സംഭവിക്കേണ്ടത്.

അധ്യാപകൻ ജീവിതവിശുദ്ധിയുടെ തിളങ്ങുന്ന താരമാകണം. വിജ്ഞാനത്തിന്റെ നിറദീപമാകണം. സ്നേഹത്തിന്റെ നിറകുടമാകണം. നേർവഴി നടത്താൻ കഴിയുന്ന ആത്മബന്ധത്തിന്റെ കേദാരമാകണം. അർപ്പണബോധത്തിന്റെയും ആത്മാർത്ഥതയുടെയും വിളനിലമാകണം. അതിരുകളില്ലാത്ത സ്വപ്നങ്ങളുടെ വില്പനക്കാരനാകണം. ശിഷ്യർക്ക് നെഞ്ചേറ്റി ലാളിക്കാൻ കഴിയുന്ന മാതൃകയാവണം. അപ്പോൾ മാത്രമേ വിദ്യാഭ്യാസലക്ഷ്യം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ.



അധ്യാപകൻ തലമുറകളിലേക്ക് പകരപ്പെടുന്നവനാണ്. തലമുറകൾക്ക് ജീവചൈതന്യം പകർന്നു നട്ടുവളർത്തുമ്പോൾ പിഴവുകൾ സംഭവിക്കാതെ നോക്കണം. അധ്യാപകൻ ടാങ്കാണ്. ടാങ്കിലുള്ളതേ ടാപ്പിലൂടെ പുറത്തു വരികയുള്ളൂ; പകർന്നു ലഭിക്കുകയുള്ളൂ.

**ജവഹർലാൽ നെഹ്റു അധ്യാപകരെ "The Social Engineer" (സമൂഹ ശില്പി) എന്നാണ് വിശേഷിപ്പിച്ചിരുന്നത്. മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം അധ്യാപകരെപ്പറ്റി പറയുന്നത് "The Sower of goodness in human mind"(മനുഷ്യമനസ്സിൽ നന്മയുടെ വിത്തു പാകുന്നവർ) എന്നാണ്. അധ്യാപകന്റെ വിളിയെ മഹത്വവത്കരിക്കുന്ന ദർശനമാണിത്.**

വിമർശന സമീപനമാണ് അധ്യാപകന്റേതെങ്കിൽ വിദ്യാർത്ഥി വിധിക്കുന്ന സ്വഭാവക്കാരനാകും. വിദ്വേഷമാണെങ്കിൽ കലഹപ്രിയരാകും. അവജ്ഞയാണെങ്കിൽ ലജ്ജാശീലരാകും. നിന്ദനമാണെങ്കിൽ കുറ്റബോധമുള്ളവരാകും. മറിച്ച് സഹിഷ്ണുതയാണെങ്കിൽ ക്ഷമാശീലരാകും. പ്രോത്സാഹനമാണെങ്കിൽ ആത്മവിശ്വാസമുള്ളവരാകും. നിഷ്പക്ഷതയാണെങ്കിൽ നീതിനിഷ്ഠരാകും. പരസ്പര ധാരണയാണെങ്കിൽ വിശ്വാസ്യതയുള്ളവരാകുന്നു. അംഗീകാരമാണെങ്കിൽ ആത്മാഭിമാനമുള്ളവരാകും. സൗഹൃദമാണെങ്കിൽ സ്നേഹസമ്പൂർണരാകും. അനുകമ്പയാണെങ്കിൽ കരുണാമയരാകും. വിതച്ചതേ കൊയ്യുവാൻ സാധിക്കൂ.

പഠിതാവ്, പഠനപ്രക്രിയ, പഠനസാഹചര്യം - ഇവ മൂന്നും വിദ്യാഭ്യാസത്തിൽ പ്രധാനമാണ്. വിദ്യാർത്ഥിയിൽ വന്നു ചേരേണ്ട പരിവർത്തനമാണ് വിദ്യാഭ്യാസം. വിദ്യാർത്ഥിയെ രൂപാന്തരപ്പെടുത്തുന്ന പ്രക്രിയയാണത്. അവിടെ വിഷവിത്തുകൾ വീഴാതിരിക്കുവാൻ ജാഗ്രത പുലർത്തുക. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന് ഉത്തമപൗരന്മാരെ വാർത്തെടുക്കുന്നതിൽ തെറ്റ് പറ്റാതിരിക്കട്ടെ. അധ്യാപകദിനം സത്ചിന്തകളുടെ സംഗമം കുറിക്കട്ടെ.

*(മഹാത്മാ സ്പീച്ച് അക്കാദമിയുടെ ഡയറക്ടറാണ് ലേഖകൻ)*

## അറിയേണ്ടും കാര്യങ്ങൾ

ആഗോള സാമ്പത്തിക പ്രതിസന്ധി

### കുടിയേറ്റ തൊഴിലാളികൾ പ്രതിസന്ധിയുടെ കയത്തിൽ

ആഗോള സാമ്പത്തിക പ്രതിസന്ധി ദശലക്ഷക്കണക്കിന് കുടിയേറ്റ തൊഴിലാളികളുടെ ജീവിതമാർഗം മുട്ടിച്ചിരിക്കുകയാണെന്ന് വിവിധ ഏജൻസികൾ നടത്തിയ സർവേ വിലയിരുത്തുന്നു. പ്രതിസന്ധിയെ തുടർന്ന് വേതനത്തിലുണ്ടായ വലിയ തോതിലുള്ള വെട്ടിക്കുറവും കുടിയേറ്റക്കാരുടെ തൊഴിൽ മേഖലയിലേക്കുള്ള തദ്ദേശീയരുടെ കടന്നുവരവുമാണ് പ്രശ്നം രൂക്ഷമാക്കിയത്.



വാഷിംഗ്ടണിലെ മൈഗ്രേഷൻ പോളിസി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ സർവേയിൽ അമേരിക്കയിലുള്ള കുടിയേറ്റ തൊഴിലാളികൾ അവരുടെ നാട്ടിലേക്കയയ്ക്കുന്ന പണത്തിൽ വൻ കുറവാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുന്നു. കൂടാതെ ഇവിടേയ്ക്കുള്ള തൊഴിലാളികളുടെ കടന്നുവരവും കുറഞ്ഞിരിക്കുന്നു. മെക്സിക്കോയിൽ നിന്നും ജോലി തേടി അമേരിക്കയിലെത്തുന്ന തൊഴിലാളികളുടെ കുടിയേറ്റത്തിലുണ്ടായ വൻ ഇടിവ് ഇതിന് ഉദാഹരണമായി സർവേറിപ്പോർട്ടിൽ പറയുന്നു.

ആഗോള സാമ്പത്തിക പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിച്ചത് നിർമാണ മേഖലയെയും ഹോട്ടൽ - വിനോദസഞ്ചാര മേഖലകളെയുമാണ്. കുടിയേറ്റക്കാരായ തൊഴിലാളികളിൽ ഭൂരിപക്ഷവും ജോലി ചെയ്യുന്നതാവാട്ടെ ഈ മേഖലകളിലും. എന്നാൽ ഇതിനു നേരേ വിപരീതമായ വിവരങ്ങളാണ് ഏഷ്യൻ രാജ്യങ്ങളെ സംബന്ധിച്ചുള്ളത്. ബഹുഭൂരിപക്ഷം ഏഷ്യൻ രാജ്യങ്ങളിലേക്കും പ്രവാസത്തിൽ കഴിയുന്ന തൊഴിലാളികൾ അയയ്ക്കുന്ന പണത്തിൽ വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തദ്ദേശീയരായ തൊഴിലാളികളിൽ ഏറ്റവും കൂടുതൽ പ്രതിസന്ധിയിലായിരിക്കുന്നത് ചൈനയിലെ തൊഴിലാളികളാണ്.

*** *** ***

പുതിയ സാരഥിയുടെ പ്രതിജ്ഞ

### ജപ്പാന്റെ വിഷവാതക പുറംതള്ളൽ 25 ശതമാനം കുറയ്ക്കും



ജപ്പാന്റെ നിയുക്ത പ്രധാനമന്ത്രി യൂകിയോ ഹടോയാമ ലോകത്തോടായി ഒരു പ്രതിജ്ഞ ചെയ്തു. 2020 ഓടുകൂടി രാജ്യത്തെ ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളലിൽ 25 ശതമാനം കുറവു വരുത്തും!

ഡിസംബറിൽ ഡെന്മാർക്കിലെ കോപ്പൻഹാഗനിൽ ഐക്യരാഷ്ട്രസഭ ലോകരാഷ്ട്രങ്ങളുടെ സമ്മേളനം വിളിച്ചിട്ടുണ്ട്. ചർച്ചാവിഷയം ആഗോളതാപനവും കാരണങ്ങളും പ്രത്യാഘാതങ്ങളും പ്രതിവിധികളുമാണ്. രാജ്യാന്തര സഹകരണം കൂടി ഉറപ്പാക്കി ഈ സമ്മേളനത്തിൽ വച്ച് തങ്ങളുടെ പദ്ധതിക്ക് അന്തിമരൂപം നല്കുമെന്നും ഹടോയാമ വ്യക്തമാക്കി.

ഡെമോക്രാറ്റിക് പാർട്ടി പൊതു തെരഞ്ഞെടുപ്പിൽ വിജയിക്കുകയും നേതാവായ ഹടോയാമയെ പുതിയ പ്രധാനമന്ത്രിയായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു,. തൊട്ടു മുൻപത്തെ പ്രധാനമന്ത്രിയാ താരോ അസോ ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളൽ 8% മാത്രം കുറയ്ക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്.

ഹടോയാമയുടെ ഈ പ്രഖ്യാപനത്തെ ഐക്യരാഷ്ട്രസഭ സ്വാഗതം ചെയ്തു. ലോകത്തെ രണ്ടാമത്തെ വ്യാവസായിക ശക്തിയായ ജപ്പാനാണ് ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളലിൽ അഞ്ചാംസ്ഥാനത്ത്. ■

CYAN MAGENTA YELLOW BLACK